ജൂലൈ 2021

Price ₹ 25

# ജീവനും വെളിച്ചവും



## ഇനി ഈ ജീവിതം
## ഇങ്ങനെ എത്രനാൾ ...?



തിരുവനന്തപുരം ലത്തീൻ അതിരൂപത
മാര്യേജ് ബ്യൂറോ
ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്...
RC MATRIMONIAL
UNDERTAKING OF KRLCC
FOR REGISTRATION
www.rcmatrimonial.org
Central Office
MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
Mob:93872 96213
matrimonialrc@gmail.com (E)

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ജൂലൈ
പുസ്തകം - 45 ലക്കം - 7
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


# കുന്നുകൂടുന്ന സമ്പത്തും ചുരുളഴിയുന്ന നരവേട്ടയും

രാജ്യം നിയന്ത്രണാതീതമായി സ്വകാര്യവൽക്കരിക്കപ്പെടുകയാണ്. കമ്പോളാധിപത്യം ഒരുവശത്ത് കുതിക്കുമ്പോൾ ഓക്സ്ഫാം റിപ്പോർട്ട് പറയുന്നത്, രാജ്യത്തെ 70 ശതമാനം സമ്പത്തും 1 ശതമാനം അതിസമ്പന്നരുടെ കൈകളിലെത്തിക്കഴിഞ്ഞു എന്നാണ്. തൊഴിൽ രംഗത്ത് ഗണ്യമായ കുറവുണ്ടായിരിക്കുന്നു. ദരിദ്രർ കൂടുതൽ ദരിദ്രരാക്കപ്പെടുന്നു.

കൃഷിയിടങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള കുത്സിത നീക്കങ്ങളാണ് കാർഷിക സമരത്തിന്റെ ഫലമായി വഴിമുട്ടിനിൽക്കുന്നത്. തൊഴിലാളികളുടെ അന്തസ്സൊടിക്കുന്ന നിയമങ്ങളാണ് തൊഴിൽ നിയമ പരിഷ്കരണത്തിലൂടെ സൃഷ്ടിച്ചത്. 2020 ൽ പ്രസിദ്ധീകരിച്ച, 'ദേശീയ മത്സ്യനയം' വരാനിരിക്കുന്ന കെണികളിലേക്ക് വിരൽ ചൂണ്ടുന്നു. 2021 ഫെബ്രുവരി 17 ന് പ്രസിദ്ധീകരിച്ച കരട് നീലസമ്പദ്നയം കടലോരത്തെയും, കടലിനെയും, മത്സ്യത്തൊഴിലാളികളെയും, അമ്മയായ ഭൂമിയെയും വന്ധ്യം കരിക്കുമെന്നതിൽ രണ്ടഭിപ്രായമില്ല. ഇതിനകം പുറപ്പെടുവിച്ച തീരദേശ സംസ്ഥാനങ്ങളിലെ ഹാർബറുകൾ ഏറ്റെടുത്തുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് രാജ്യത്തിന്റെ ഫെഡറൽ വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുന്നു. ലക്ഷദ്വീപ് വാസികൾ നേരിടുന്ന പ്രതിസന്ധി വരാനിരിക്കുന്ന കോർപ്പറേറ്റുവൽക്കരണത്തിന്റെ ഭയാനകത വെളിപ്പെടുത്തുന്നു. ഇനിയും അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്ന 'വൈദ്യുതി നയവും' ഒരു മഹാമാരിയുടെ മറവിലാണെന്നത് ലജ്ജാകരമാണ്. രണ്ടാം ലോക മഹായുദ്ധം കൊടുമ്പിരിക്കൊള്ളുന്ന സന്ദർഭത്തിലാണ് ബ്രിട്ടൺവുഡ് സ്ഥാപനങ്ങളായ വേൾഡ് ബാങ്ക്, അന്താരാഷ്ട്ര നാണയനിധി, ലോക വ്യാപാര സംഘടന എന്നിവ പിറവിയെടുക്കുന്നത് എന്നത് ഈ രംഗത്തെ സമാനതകളിലേക്ക് വിരൽചൂണ്ടുന്നു. നവസമ്പദ്വ്യവസ്ഥയിലൂടെ കുന്നുകൂടുന്ന സമ്പത്ത് കീഴ്ത്തട്ടിലേക്ക് ഒഴുകിയെത്തും എന്ന തത്വം പരാജയപ്പെട്ടിടത്താണ് സമ്പത്ത് മുഴുവനും കുറച്ചാളുകളുടെ കൈകളിൽ കുന്നുകൂടാനിടയാക്കിയത്. ഈ സാമ്പത്തിക കേന്ദ്രീകരണത്തിന്റെ പരിണിത ഫലങ്ങളാണ് വർധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങളും, അവകാശ നിഷേധങ്ങളും, കൈയേറ്റങ്ങളും, സാമൂഹ്യസംഘർഷങ്ങളും ഈ ദിവസങ്ങളിൽ സാക്ഷരകേരളത്തിൽ നിന്നുയരുന്ന സ്ത്രീരോദനങ്ങളുടെയും, ഈ അടുത്തകാലത്ത് രാജ്യത്ത് അരങ്ങേറിയ സ്ത്രീകൾക്കും, കുട്ടികൾക്കും മനുഷ്യാവകാശപ്രവർത്തകർക്കും നേരെ നടക്കുന്ന അക്രമങ്ങളുടെയും ചുരുളഴിയുന്നത് ചുമ്പിവലിച്ചെറിയുന്ന സംസ്കാരത്തിന്റെ പൊളിച്ചെഴുത്തുകളാണ്.

ലോകം നേരിടുന്ന മഹാമാരി മാറ്റത്തിനുള്ള കാഹളധ്വനിയാണ്. മാറ്റുവിൻ ചട്ടങ്ങളെ, അല്ലെങ്കിലവ മാറ്റുംനിങ്ങളെ താൻ. ലോകം വീണ്ടെടുപ്പിനായി കേഴുകയാണ്. നമുക്കണിചേരാം.

– പത്രാധിപർ



# താളുകളിൽ






**5** കേരളത്തിലെ മത്സ്യമേഖലാ വികസനം മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടിയാകണം
ഫാ. യൂജിൻ എച്ച്. പെരേര

**8** ദുരന്തകാലത്തെ ഓർമിപ്പിക്കുന്ന ദുരിത വാഗ്ദാനങ്ങൾ

**12** നിഴലിലെ വെളിച്ചം
ഡോ. ഫാ. എ.ആർ. ജോൺ

**14** വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

**17** നീർച്ചാൽ

**22** വചനജ്വാല

**24** നേർക്കാഴ്ച



**പഠനങ്ങളിലും റിപ്പോർട്ടുകളിലും അവസാനിക്കുന്ന തീരദേശ വികസനം മത്സ്യത്തൊഴിലാളികളുടെ ഇച്ഛാശക്തിയെയും കടലിന്മേലും കടലോളങ്ങളിന്മേലും ആജ്ഞാശക്തിയുള്ള മത്സ്യത്തൊഴിലാളികളെയും സഹകരിപ്പിച്ചുകൊണ്ട് നടപ്പിലാക്കാനാകണം.**

# കേരളത്തിലെ മത്സ്യമേഖലാ വികസനം മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടിയാകണം

**ഫാ. യൂജിൻ എച്ച്. പെരേര**

കേരളത്തിലെ 15-ാം നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും, ഐക്യജനാധിപത്യ മുന്നണിയും, ദേശീയ ജനാധിപത്യ മുന്നണിയും തീരദേശത്തിന്റെ വികസനം വളരെ പ്രാധാന്യത്തോടെ അവരവരുടെ പ്രകടനപത്രികകളിൽ അവതരിപ്പിച്ചിരിക്കുന്നു. ഇതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മത്സ്യമേഖലാ വികസനത്തിൽ കാതലായ ദിശാമാറ്റങ്ങളാണ് നിർദ്ദേശിച്ചുകാണുന്നത്. തെരെഞ്ഞെടുപ്പിനുശേഷം കേരള തീരത്തെ തകർത്തെറിഞ്ഞ് കടന്നുപോയ ടൗട്ടെ, യാസ് ചുഴലിക്കാറ്റുകൾ വിതച്ച നാശം നേരിട്ട് കാണുന്നതിന് എല്ലാ പാർട്ടി നേതാക്കളും തീര ജനതയോട് കൈകോർക്കുന്നതും കാണാനായി. മാധ്യമങ്ങളും, പൊതുസമൂഹവും നൽകിയ പിൻതുണകൂടി അംഗീകരിച്ചുകൊണ്ടാണ് നിയമസഭയുടെ ആദ്യ ബജറ്റിൽ തന്നെ സാമ്പത്തിക കാര്യമന്ത്രി 5300 കോടി രൂപയുടെ തീരസംരക്ഷണ പദ്ധതി പ്രഖ്യാ

പിച്ചത്. കഴിഞ്ഞ കാലങ്ങളിലെ പ്രഖ്യാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി രാജ്യത്തിന്റെ അതിർത്തിയും, സംസ്ഥാനത്തിന്റെ സേനയുമായ മത്സ്യത്തൊഴിലാളികളുടെ സമഗ്രമാറ്റത്തിന് ഭരണപ്രതിപക്ഷവ്യത്യാസം കൂടാതെ ഇടപെടും എന്ന് പ്രത്യാശിക്കാം.

ഭരണപക്ഷം പുറപ്പെടുവിച്ച പ്രകടനപത്രികയാണ് ഇവിടെ വിശകലന വിധേയമാക്കുന്നതും വരുംനാളുകളിൽ തീരദേശ വികസനത്തിനായി സ്വീകരിക്കേണ്ട സമീപനം വിശദീകരിക്കുന്നതും. 50 തലക്കെട്ടുകളിലായി 900 നിർദ്ദേശങ്ങളാണ് പ്രകടനപത്രിക മുന്നോട്ടുവച്ചിരിക്കുന്നത്. കടൽ കടലിന്റെ മക്കൾക്ക് എന്ന 15-ാം തലക്കെട്ടിൽ 5 നിർദ്ദേശങ്ങളും തീരദേശ വികസന പാക്കേജ് എന്ന തലക്കെട്ടിൽ 26 നിർദ്ദേശങ്ങളുമാണുള്ളത്. പ്രകടന പത്രികയിലെ രണ്ട് നിർദ്ദേശങ്ങൾ കടലിന്റെ മക്കൾ വർഷങ്ങളായി ആവശ്യപ്പെട്ടുവരുന്നവയാണ്. 2006 ലെ വനാവകാശ നിയമപ്രകാരം കാട് കാടിന്റെ മക്കൾക്കായി ഉറപ്പാക്കിയതുപോലെ കടലും, തീരവും, മത്സ്യവിഭവങ്ങളും, മത്സ്യബന്ധനവും ആദ്യവിൽപ്പനയും മത്സ്യത്തൊഴിലാളികൾക്ക് അവകാശപ്പെടുത്തുന്നതാണ് നമ്പർ 266 ലെ നിർദ്ദേശം. കൂടാതെ മുരാരി കമ്മിറ്റി മുന്നോട്ടുവച്ച മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് പുറമെ മത്സ്യമേഖലയുടെ മാനേജ്മെന്റിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ് നമ്പർ 269 ലെ നിർദ്ദേശം. കൂടാതെ ഇതിനകം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി കേരളം അംഗീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള മത്സ്യസഭകളുടെയും, മത്സ്യഭവനുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കാട്ടിൽ വസിക്കുന്ന ആദിവാസികളുടെ വികസനത്തിൽ ഗോത്രങ്ങളുടെ പങ്കാളിത്തം പോലെ മത്സ്യസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും മത്സ്യത്തൊഴിലാളി വികസനഫണ്ട് രൂപീകരിക്കേണ്ടതുമാണ്. കൂടാതെ പദ്ധതികളുടെ ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ പ്രക്രിയകളിൽ മത്സ്യത്തൊഴിലാളികളെ പങ്കാളികളാക്കിക്കൊണ്ട് തങ്ങളുടെ സ്വരം കേൾക്കപ്പെടുവാനുള്ള അവകാശം ഉൾച്ചേർക്കണം. ഓഖി ചുഴലിക്കാറ്റുണ്ടായപ്പോഴും, മഹാപ്രളയ സന്ദർഭത്തിലും മത്സ്യത്തൊഴിലാളികളെ പങ്കാളികളാക്കണം എന്ന നിർദ്ദേശം ഉയർന്നുവന്നതാണ്. മേൽപ്പറഞ്ഞ പ്രകടനപത്രികയിലെ നിർദ്ദേശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാകണം കേരള സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന ഡോ. ദിനേശൻ ചെറുവത്ത് കൺവീനറായ മത്സ്യബന്ധന നയരൂപീകരണ സമിതി മുന്നോട്ട് പോകേണ്ടത്.

31 നിർദ്ദേശങ്ങളടങ്ങുന്ന പ്രകടന പത്രികയിലെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതും, സുപ്രധാനവുമായ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വളരെ പ്രതികൂലമായ കാലാവസ്ഥയിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ലക്ഷ്യംവച്ചുകൊണ്ട് സാറ്റലൈറ്റ് നിരീക്ഷണം, കാലാവസ്ഥാ മുന്നറിയിപ്പ്, ആശയവിനിമയ സംവിധാനം, കൺട്രോൾറൂം റെസ്ക്യൂ ക്യാമ്പുകൾ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ക്രമീകരിക്കണം.**



**1. തീരസംരക്ഷണം, പുനരധിവാസം:** കാലാകാലങ്ങളിൽ കടലിൽ നടത്തിയ അശാസ്ത്രീയ നിർമാണ പ്രവർത്തങ്ങൾ എന്നിവയാണ് ഇന്ന് തീരജനതയ്ക്ക് വലിയ ആശങ്കയായി മാറിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്ത് തീരസംരക്ഷണത്തിന് ശാസ്ത്രീയമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്. കൂടാതെ പത്തുലക്ഷം രൂപ വകയിരുത്തിയ പുനർഗേഹം പദ്ധതിക്ക് പകരം സർക്കാർ ഉടമസ്ഥതയിൽ ഭൂമി ഏറ്റെടുത്ത് അന്തസായി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനഃരധിവസിപ്പിക്കണം (നമ്പ. 271-273).

**2. കടൽസുരക്ഷ:** വളരെ പ്രതികൂലമായ കാലാവസ്ഥയിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ലക്ഷ്യംവച്ചുകൊണ്ട് സാറ്റ

ലൈറ്റ് നിരീക്ഷണം, കാലാവസ്ഥാ മുന്നറിയിപ്പ്, ആശയവിനിമയ സംവിധാനം, കൺട്രോൾറൂം റെസ്ക്യൂ ക്യാമ്പുകൾ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ക്രമീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ സേവനം തീരദേശ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ് എന്നിവയിലൂടെ പ്രയോജനപ്പെടുത്തണം. (നം. 278–279).

**3. ആരോഗ്യ-വിദ്യാഭ്യാസം:** മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തത്തക്ക രീതിയിൽ ശുദ്ധജലലഭ്യത, ഡ്രെയിനേജ് റോഡ്, വൈദ്യുതി, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആധുനിക മാതൃകയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. നിലവിലുള്ള പത്ത് ഫിഷറീസ് സ്കൂളുകളെ നിലവാരമുള്ള റെസിഡൻഷ്യൽ സ്കൂളുകളാക്കി ഉയർത്തണം. കൂടാതെ തീരദേശം കേന്ദ്രീകരിച്ച് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഫിഷറീസ് സയൻസ് പഠിക്കാനുള്ള സ്കിൽ പാർക്കുകളും സ്ഥാപിക്കണം (നമ്പർ: 282).

**4. മൂല്യവർധിത ഉൽപ്പന്നങ്ങൾ, മത്സ്യമാർക്കറ്റുകളുടെ നവീകരണം:** തീരദേശ വികസന അതോറിട്ടിയുടെ മേൽനോട്ടത്തിൽ മത്സ്യമാർക്കറ്റുകളെ നവീകരിക്കുകയും ശീതീകരണ സംവിധാനങ്ങളൊരുക്കുകയും വേണം. കൂടാതെ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും തീരദേശത്തെ യുവജനങ്ങളെ പരിശീലിപ്പിക്കുകയും, സ്റ്റാർട്ടപ്പുകൾക്കുള്ള സാമ്പത്തിക സഹായം നൽകുകയും വേണം (നമ്പർ: 288). മത്സ്യമാർക്കറ്റുകളെ സ്ത്രീ സൗഹൃദ മാർക്കറ്റുകളാക്കി പരിഷ്കരിക്കണം.

**5. സാമൂഹ്യസുരക്ഷ, ക്ഷേമം:** മത്സ്യത്തൊഴിലാളികൾക്ക് ഇന്നും 1600 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകുന്നത്. എന്നാൽ ഈയിടെ കർഷകത്തൊഴിലാളികൾക്ക് ഇത് 5000 രൂപയായി ഉയർത്തി. തത്തുല്യമായി മത്സ്യത്തൊഴിലാളികളുടെ പെൻഷൻ അയ്യായിരം രൂപയായി ഉയർത്തണം. കൂടാതെ മത്സ്യത്തൊഴിലാളികൾക്കും യാനങ്ങൾക്കും അർഹമായ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്. (നമ്പർ. 280).

## സമാപനം

മത്സ്യത്തൊഴിലാളികളുടെയും, തീരദേശത്തിന്റെയും വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് പ്രകടനപത്രിക മുന്നോട്ടുവയ്ക്കുന്നത്. ഈ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന മത്സ്യബന്ധന നയരൂപീകരണത്തിന് ഡോ. ദിനേശനെയും സുസ്ഥിരവികസന പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി കെ.വി. തോമസിനെയും തീരപരിപാലനം, രാജ്യസുരക്ഷ, തൊഴിലാളി ക്ഷേമം എന്നിവ ആസൂത്രണം ചെയ്യുന്നതിനായി പി. സഹദേവനെയും അധ്യക്ഷന്മാരായി കമ്മിറ്റികൾ രൂപീകരിച്ചതായറിയുന്നു. കൂടാതെ ഓഖിയെ തുടർന്ന് കേരളത്തിലെ തീരദേശ വികസനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ടാറ്റായെയും ഇർമായെയും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ റിപ്പോർട്ടുകൾ മത്സ്യത്തൊഴിലാളികളുമായി ചർച്ചക്ക് വിധേയമാക്കുകയും മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പലപ്പോഴും പഠനങ്ങളിലും റിപ്പോർട്ടുകളിലും അവസാനിക്കുന്ന തീരദേശ വികസനം മത്സ്യത്തൊഴിലാളികളുടെ ഇച്ഛാശക്തിയെയും കടലിന്മേലും കടലോളങ്ങളിന്മേലും ആജ്ഞാശക്തിയുള്ള മത്സ്യത്തൊഴിലാളികളെയും സഹകരിപ്പിച്ചുകൊണ്ട് നടപ്പിലാക്കാനാകണം. ■

**സാമൂഹ്യസുരക്ഷ, ക്ഷേമം: മത്സ്യത്തൊഴിലാളികൾക്ക് ഇന്നും 1600 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകുന്നത്. എന്നാൽ ഈയിടെ കർഷകത്തൊഴിലാളികൾക്ക് ഇത് 5000 രൂപയായി ഉയർത്തി. തത്തുല്യമായി മത്സ്യത്തൊഴിലാളികളുടെ പെൻഷൻ അയ്യായിരം രൂപയായി ഉയർത്തണം. കൂടാതെ മത്സ്യത്തൊഴിലാളികൾക്കും യാനങ്ങൾക്കും അർഹമായ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്.**





**രണ്ടുഘട്ടങ്ങളിലായി ഓഖി, ടൗട്ടേ ചുഴലിക്കൊടുങ്കാറ്റുകൾ നാശം വിതച്ച് കടന്നുപോയ തീരദേശത്തിന്റെ രോദനങ്ങൾക്ക് വർഷങ്ങളുടെ പഴക്കമായി. ദുരിതബാധിതരുടെ പുനഃരധിവാസം ഉറപ്പാക്കണമെന്ന ആവശ്യം ഇന്നും വനരോദനമായി നിലനിൽക്കുന്നു. ദുരിതകാലം മുതൽ ഇന്നുവരെ ഭരണാധികാരികൾക്കുമുമ്പിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച സഹായാഭ്യർഥനകളുടെയും അവകാശങ്ങളുടെയും നീണ്ട പട്ടിക വീണ്ടും ഇവിടെ അനാവരണം ചെയ്യപ്പെടുന്നു.**

# ദുരന്തകാലത്തെ ഓർമിപ്പിക്കുന്ന ദുരിത വാഗ്ദാനങ്ങൾ

2016 നവംബർ 29, 30 തീയതികളിലായി ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റിൽ മത്സ്യത്തൊഴിലാളികളുടെ ജീവനും ഏറ്റിനങ്ങൾക്കുമായിരുന്നു സാരമായി നാശനഷ്ടം സംഭവിച്ചതെങ്കിൽ 2021 മേയ് മാസം 13,14,15 തീയതികളിലായി ആഞ്ഞടിച്ച ടൗട്ടെ ചുഴലിക്കാറ്റിൽ തീരദേശത്തെ ഭവനങ്ങളും, റോഡുകളും, മത്സ്യബന്ധനോപകരണങ്ങളും, തീരവുമാണ് തകർന്നടിഞ്ഞത്. തിരുവനന്തപുരം അതിരൂപതയുടെ തെക്കേയറ്റമായ തെക്കേകൊല്ലംകോട് മുതൽ വടക്കേയറ്റമായ മാമ്പള്ളി വരെയുള്ള തീരദേശത്തെ ഛിന്നഭിന്നമാക്കിക്കളഞ്ഞു ഈ രണ്ടു ചുഴലിക്കൊടുങ്കാറ്റുകളും.

## തെക്കേകൊല്ലംകോട് മുതൽ അടിമലത്തുറ വരെ

തമിഴ്നാട് സർക്കാറിന്റെ തീരസംരക്ഷണപദ്ധതിയുടെ ഭാഗമായി തമിഴ്നാട് അതിർത്തിയായ നീരോടി ഗ്രാമം വരെ അവർ പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിച്ചതിനാൽ നാളിതുവരെ സുരക്ഷിത തീരമായിരുന്ന പൊഴിയൂരിനെ അത് വളരെ സാരമായി ബാധിച്ചു.

പൊഴിയൂർ തീരദേശറോഡ് പൂർണ്ണമായും ഒലിച്ചുപോകുകയും തീരദേശറോഡിന് പടിഞ്ഞാറ് വശത്ത് സ്ഥിതി ചെയ്തിരുന്ന കൊല്ലംകോട് മത്സ്യഗ്രാമത്തിലെ 19 ഭവനങ്ങളും പരുത്തിയൂർ മത്സ്യഗ്രാമത്തിലെ 3 ഭവനങ്ങളും പൂർണ്ണമായും 11 ഭവനങ്ങൾ ഭാഗീകമായും തകർന്നുപോയി. 3 ക്യാമ്പുകളിലായി ഈ കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു.

കരുംകുളം, പൂവാർ പഞ്ചായത്തുകളിൽ ശക്തമായ തിരകയറ്റത്തിലും പേമാരിയിലും വെള്ളപ്പൊക്കത്തിലും വളരെയധികം ഭവനങ്ങളിൽ വെള്ളം കയറി. പൂവാർ പ്രദേശത്തെ ഫുഡ്ബോൾഗ്രൗണ്ട് പകുതിയിലേറെ തകർന്നു. പുല്ലുവിള, പള്ളം, പൂവാർ എന്നിവിടങ്ങളിലായി 15 വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായി. പുല്ലുവിള, അടിമലത്തുറ എന്നീ തീരദേശ ഗ്രാമങ്ങളിലെ വീടുകൾ മുഴുവൻ വെള്ളക്കെട്ടിനുള്ളിലായി. അവർ മറ്റ് സുരക്ഷിത കെട്ടിടങ്ങളിൽ താമസിക്കുന്നു.

## വിഴിഞ്ഞം – പൂന്തുറ

വിഴിഞ്ഞം ഫിഷിംഗ് ഹാർബറിൽ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും കരയിടിയുകയും വള്ളം കയറ്റിവയ്ക്കുന്ന തീരപ്രദേശത്തെ മണ്ണ് കടലിലേയ്ക്ക് ഒലിച്ചുപോകുകയും ചെയ്തു. ഹാർബറിൽ സൂക്ഷിച്ചിരുന്ന 40 വള്ളങ്ങൾ പരസ്പരം ഇടിച്ച് പൊട്ടുകയും വലകൾ കടലിൽ ഒഴുകി നഷ്ടപ്പെടുകയും ചെയ്തു. അതുപോലെ തീരത്തോട് ചേർന്ന് മത്സ്യം വിൽക്കാൻ കെട്ടിയിരുന്ന 12 ഷെഡ്ഡുകൾ ശക്തമായ കാറ്റിലും മഴയിലും നിലംപതിച്ചു. 61 മത്സ്യക്കച്ചവട സ്ത്രീകളുടെ കച്ചവടസാമഗ്രികൾ നഷ്ടമായി. പൂന്തുറ പ്രദേശത്ത് ശക്തമായ തിരകയറ്റത്തിൽ 190 ഭവനങ്ങളിൽ വെള്ളം കയറി കേടുപാടുകൾ സംഭവിക്കുകയും ശക്തമായ മ

ഴയും കാറ്റും കാരണം കേടുപാടുകൾ സംഭവിച്ച ഈ ഭവനങ്ങളിൽ താമസിച്ചിരുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു.

## വലിയതുറ മുതൽ വലിയവേളി വരെ

വലിയതുറയിൽ മത്സ്യത്തൊഴിലാളികൾ പല ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്ന സ്ഥലമായ വലിയതുറ ഫുഡ്ബോൾഗ്രൗണ്ടിന് പടിഞ്ഞാറുഭാഗം മുഴുവൻ പൂർണ്ണമായി കടലെടുക്കുകയും വലിയതുറ പാലത്തിന് ബലക്ഷയം സംഭവിക്കുകയും ചെയ്തു. വലിയതുറ മുതൽ വേളിവരെ നിരവധി ഭവനങ്ങൾക്ക് പൂർണ്ണമായും മറ്റ് പലഭവനങ്ങൾക്ക് ഭാഗീകമായും കേടുപാടുകൾ സംഭവിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെനിർമ്മാണം പുരോഗമിക്കുമ്പോൾ അതിനെ ചെറുക്കാൻ അതിന്റെ വടക്കുഭാഗം പുലിമുട്ടുകൊണ്ട് സുരക്ഷിതമാക്കിയതിന്റെ ഫലമായി വലിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ്, ശംഖുമുഖം തീരങ്ങൾ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഈ ചുഴലിക്കാറ്റ് ഏറ്റവും കൂടുതൽ ബാധിച്ച പ്രദേശങ്ങളിൽ ഒന്നാണിത്. തിരുവനന്തപുരത്തിന്റെ തീരദേശമായ ശംഖുമുഖം റോഡ് നടപ്പാതമാത്രം ബാക്കിവച്ച് ഭൂരിഭാഗവും കടൽ വിഴുങ്ങിയ ചിത്രവും നമ്മുടെ മുന്നിലുണ്ട്. കടൽ ഭിത്തികൊണ്ട് സുരക്ഷിതമാക്കാത്ത തീരഗ്രാമങ്ങളായ കണ്ണാന്തുറ, വെട്ടുകാട്, കൊച്ചുതോപ്പ്, കൊച്ചുവേളി, വലിയവേളി പ്രദേശങ്ങളെയും ഈ ചുഴലിക്കാറ്റ് വലിയതോതിൽ ബാധിച്ചു

പള്ളിത്തുറ മുതൽ പുതുക്കുറിച്ചി വരെ സുരക്ഷിത തീരമെന്ന് നാമെല്ലാം കരുതിയിരുന്ന കഠിനംകുളം പഞ്ചായത്തിന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ പോലും ഈ ചുഴലിക്കാറ്റിൽ വലിയ നാശനഷ്ടം സംഭവിച്ചു. പള്ളിത്തുറയിൽ ഒരു ഭവനം പൂർണ്ണമായും 7 ഭവനങ്ങൾ ഭാഗീകമായും; തുമ്പയിൽ 2 ഭവനങ്ങൾ പൂർണ്ണമായും 4 ഭവനങ്ങൾ ഭാഗീകമായും; സെന്റ് ആൻഡ്രൂസിൽ 7 ഭവനങ്ങൾ ഭാഗീകമായും ഫാത്തിമാപുരത്ത് ഒരു ഭവനം പൂർണ്ണമായും 13 ഭവനങ്ങൾ ഭാഗീകമായും മരിയനാട് 2 ഭവനങ്ങൾ ഭാഗീകമായും; പുതുക്കുറിച്ചിയിൽ 2 ഭവനങ്ങൾ ഭാഗീകമായും തകർന്നടിഞ്ഞു.

## താഴമ്പള്ളി മുതൽ മാമ്പള്ളി വരെ

മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ അശാസ്ത്രീയമായ നിർമ്മിതി കാരണം തീരംനഷ്ടം സംഭവിച്ച സ്ഥലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വയാണ് താഴമ്പള്ളി, പൂത്തുറ, അഞ്ചുതെങ്ങ്, മാമ്പള്ളി തീരപ്രദേശങ്ങൾ. തീരദേശ റോഡിന് ഇരുവശത്തായി നിരവധി ഭവനങ്ങളിൽ കടൽവെള്ളം ഇരച്ചുകയറുകയും ഭവനങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു. താഴമ്പള്ളിയിൽ റോഡിനിരുവശത്തുമായി സ്ഥിതിചെയ്യുന്ന എല്ലാ ഭവനങ്ങൾക്കും ഭാഗീകമായി നാശനഷ്ടം സംഭവിച്ചു. അഞ്ചുതെങ്ങ്, മാമ്പള്ളി എന്നീ പ്രദേശങ്ങളിൽ നിരവധി ഭവനങ്ങൾ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായി തീർന്നു. 3 ഭവനങ്ങൾ പൂർണ്ണമായി തകർന്നടിയുകയും ബാധിക്കപ്പെട്ട എല്ലാ കുടുംബങ്ങളേയും വിവിധ ക്യാമ്പുകളിൽ മാറ്റിപാർപ്പിക്കുകയും ചെയ്തു. നിലവിലുണ്ടായിരുന്ന കടൽഭിത്തി വേണ്ട രീതിയിൽ പരിപാലിക്കാത്തതുകൊണ്ടും സമയാസമയം അറ്റകുറ്റപണികൾചെയ്യാത്തതുകൊണ്ടും പലയിടത്തും വെള്ളം ഇരച്ചുകയറി ഭവനങ്ങൾക്ക് നാശനഷ്ടം സംഭവിച്ചു.

ഒരുവശത്ത് കൊറോണയെന്ന മഹാമാരി കേരളത്തിലാകെ പിടിമുറുക്കുമ്പോൾ ഇരട്ടപ്രഹരമായി മഴയും, കാറ്റും, തീരശോഷണവും, വറുതിയും, ഭവന തകർച്ചയും തീരദേശജനജീവിതത്തെ പട്ടിണിയിലും ഭവനരഹിതരുമാക്കിത്തീർക്കുന്നു. ഈ അവസ്ഥയിൽ തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും ഒരു കൈത്താങ്ങാകാൻ സർക്കാറിന് സാധിക്കണം.

### ടൗട്ടെ ചുഴലിക്കാറ്റിൽ ഭവനം നഷ്ടപ്പെട്ടവരുടെ എണ്ണം

| ക്രമ. നം. | സ്ഥലം | പൂർണ്ണമായി നാശനഷ്ടം സംഭവിച്ച ഭവനങ്ങൾ. | ഭാഗീകമായി തകർന്ന ഭവനങ്ങൾ |
|---|---|---|---|
| 1. | കൊല്ലംകോട് | 26 | 12 |
| 2. | പരുത്തിയൂർ | 3 | 11 |
| 3. | പൂവാർ | 1 | 1 |
| 4. | പള്ളം | | 8 |
| 5. | പുല്ലുവിള | | 5 |
| 6. | വിഴിഞ്ഞം | 4 | 19 |
| 7. | പൂന്തുറ | 20 | 50 |
| 8. | ചെറിയതുറ | | 8 |
| 9. | വലിയതുറ | 52 | 122 |
| 10. | കൊച്ചുതോപ്പ് | 64 | 29 |
| 11. | തോപ്പ് | 12 | 33 |
| 12. | കണ്ണാന്തുറ | 2 | 1 |
| 13. | വെട്ടുകാട് | 30 | |
| 14. | കൊച്ചുവേളി | 3 | 22 |
| 15. | വലിയവേളി | 1 | 1 |
| 16. | പള്ളിത്തുറ | 1 | 7 |
| 17. | തുമ്പ | | 14 |
| 18. | സെന്റ് ആൻഡ്രൂസ് | | 7 |
| 19. | ഫാത്തിമാപുരം | 2 | 196 |
| 20. | മരിയനാട് | | 5 |
| 21. | പുതിക്കുറിച്ചി | | 19 |
| 22. | താഴംപള്ളി | 1 | 45 |
| 23. | പൂത്തുറ | 21 | 99 |
| 24. | അഞ്ചുതെങ്ങ് | 79 | 72 |
| 25. | മാമ്പള്ളി | 7 | 13 |



## നിർദ്ദേശങ്ങൾ

1) പൊഴിയൂർ – നീരോടി ബീച്ച് റോഡ്, ശംഖുമുഖം എയർപോർട്ട് റോഡ്, മുതലപ്പൊഴി – കായിക്കര റോഡ് എന്നീ തീരദേശ റോഡുകൾ അടിയന്തിര പ്രാധാന്യത്തോടെ അവയ്ക്ക് സമാന്തരമായുള്ള കടൽഭിത്തി ബലപ്പെടുത്തി പുതുക്കിപ്പണിയുക.
2) കടലെടുത്തുപോയ വസ്തുവിനും ഭവനങ്ങൾക്കും തത്തുല്യമായി സ്ഥലവും ഭവനവും നൽകി പുന:രധിവസിപ്പിക്കാനുള്ള പദ്ധതി അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കുക.
3) നാശനഷ്ടം സംഭവിച്ച ഏറ്റിനങ്ങൾക്ക് നഷ്ടപരിഹാരം നൽകുക.
4) ഭാഗീകമായി തകർന്നതും തകർച്ചയുടെ വക്കിലായതുമായ ഭവനങ്ങളുടെ പുനർനിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകുക.
5) കാലാകാലങ്ങളിൽ ഭവനം കടലെടുത്ത് വിവിധ ക്യാമ്പുകളിൽ കഴിയുന്നവരേയും കടലിനോട്ചേർന്ന് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെയും എത്രയും വേഗം പുന:രധിവസിപ്പിക്കുക.
6) പൊഴിയൂർ മേഖലയിൽ പുലിമുട്ടോടുകൂടി (സൗത്ത് കൊല്ലംകോട് മുതൽ പൊഴിക്കര വരെയുള്ള) തീരം സംരക്ഷിക്കുക.
7) കടൽ തീരത്തോട് ചേർന്ന് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന എല്ലാവരേയും മാറ്റിപാർപ്പിക്കാൻ സ്ഥലം വാങ്ങി വീട് നിർമ്മിച്ച് നൽകുക.
8) പൂവാർ, കരിംകുളം, കോട്ടുകാൽ പഞ്ചായത്തുകളിലെ തീരപ്രദേശത്തെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായി ശാസ്ത്രീയമായ രീതിയിൽ ഡ്രൈനേജ് നിർമ്മിച്ച് കരിച്ചൽ, പൂവാർ കായലുകളിൽ മഴവെള്ളം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഒരുക്കുക.
9) വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിന്റെ ഫലമായി വീടും സ്ഥലവും നഷ്ടപ്പെട്ടപൂന്തുറ – വേളി പ്രദേശവാസികളെ സർക്കാർ പ്രഖ്യാപിച്ച 475 കോടി രൂപയിൽ നിന്നും പുന:രധിവസിപ്പിക്കുക. സ്വന്തമായി പട്ടയഭൂമിയും ഭവനവും ഉണ്ടായിരുന്നവർക്ക് തത്തുല്യമായ നഷ്ടപരിഹാരം നൽകി പുന:രധിവസിപ്പിക്കുക.
10) പനത്തുറ മുതൽ വേളി വരെയുള്ള കടൽത്തീരം പുലിമുട്ട് ഉപയോഗിച്ച് സംരക്ഷിക്കുകയും സർക്കാർ നിർദ്ദേശിച്ച Offshore break water സംവിധാനത്തിൽ തീരം സംരക്ഷിക്കുകയും ചെയ്യുക.
11) നിർദ്ദിഷ്ട തീരദേശ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി താഴമ്പള്ളി മുതൽ കായിക്കര വരെയുള്ള പ്രദേശങ്ങളിൽ കടൽതീരത്തോട് ചേർന്ന് താമസിക്കുന്ന കുടുംബങ്ങളെ പുന:രധിവസിപ്പിക്കുകയും സ്വന്തമായി വീടും സ്ഥലവുമുള്ളവർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യുക.
12) അഞ്ചുതെങ്ങ്കോട്ട മുതൽ കായിക്കര വരെ കടൽഭിത്തി ബലപ്പെടുത്തി തീരം സംരക്ഷിക്കുക.

ഇവയെല്ലാമാണ് ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രത്യാഘാതങ്ങൾ നേരിട്ട ജനങ്ങളുടെ അടിയന്തിരാവശ്യങ്ങളെങ്കിലും, വർഷങ്ങൾക്കുമുന്നേ വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിന്റെ പശ്ചാത്തലത്തിലും തീരദേശവാസികളുടെ നിരന്തരമായ അഭ്യർത്ഥനമാനിച്ചും, സർക്കാർ ഈ ആവശ്യങ്ങൾ പരിഗണിക്കാമെന്ന് ഉത്തരവിലൂടെ (സ.ഉ. (കൈ) നമ്പർ 55/2015മതുവ.; തീയതി11-11-2015) ഉറപ്പുനൽകിയിട്ടുള്ളതാണ്. ഈ ഉറപ്പ് പാലിക്കപ്പെടാത്തതാണ് ഇന്നത്തെ ഈ പ്രതിസന്ധിയ്ക്ക് പ്രധാന കാരണം ഉത്തരവുകൾക്കധിഷ്ഠിതമായ പ്രധാനപ്പെട്ട ആവശ്യങ്ങൾ വീണ്ടും മുന്നോട്ടുവയ്ക്കുന്നു.

## വിഴിഞ്ഞം വാണിജ്യതുറമുഖ നിർമാണം: വാഗ്ദാനം ചെയ്യപ്പെട്ട പ്രധാനപദ്ധതികൾ

1) വിഴിഞ്ഞം വാണിജ്യതുറമുഖ

**ഒരുവശത്ത് കൊറോണയെന്ന മഹാമാരി കേരളത്തിലാകെ പിടിമുറുക്കുമ്പോൾ ഇരട്ടപ്രഹരമായി മഴയും, കാറ്റും, തീരശോഷണവും, വറുതിയും, ഭവന തകർച്ചയും തീരദേശജനജീവിതത്തെ പട്ടിണിയിലും ഭവനരഹിതരുമാക്കിത്തീർക്കുന്നു. ഈ അവസ്ഥയിൽ തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും ഒരു കൈത്താങ്ങാകാൻ സർക്കാറിന് സാധിക്കണം.**

പദ്ധതിയുമായി ബന്ധപ്പെട്ടും, മീൻപിടുത്ത തുറമുഖത്തിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചും മത്സ്യത്തൊഴിലാളി സമൂഹത്തിന് നൽകാമെന്ന് ഗവൺമെന്റ് ഉത്തരവിലൂടെ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും നഷ്ടപരിഹാരം നൽകുന്നതുൾപ്പെടെയുള്ള എല്ലാ വാഗ്ദാനങ്ങൾ പാലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുക.

2) പദ്ധതിപ്രദേശത്തിന്റെ വടക്കു ഭാഗത്തുള്ള പൂന്തുറ മുതൽ വേളി വരെ 7876 മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളിൽ സാരമായി ബാധിക്കുമെന്ന് കണ്ടെത്തിയ 3000 കുടുംബങ്ങളെ പുന:രധിവസിപ്പിക്കുന്നതിനായി 150 കോടി രൂപയ്ക്ക് 50 ഏക്കർ ഭൂമി വാങ്ങി, 20 കോടി രൂപയുടെ അടിസ്ഥാന വികസനത്തോടൊപ്പം 180 കോടി രൂപ മുടക്കി പൂർത്തീകരിക്കുമെന്ന് ഉറപ്പ് നൽകിയ ഫ്ളാറ്റ് നിർമ്മാണം എത്രയും വേഗം സ്ഥലം കണ്ടെത്തി പൂർത്തിയാക്കുക.

3) പദ്ധതി പ്രദേശത്തിന്റെ വടക്കു ഭാഗത്ത് തീരം നഷ്ടപ്പെടുന്നത് തടയാനുള്ള ശാസ്ത്രീയ നടപടികൾ - ജിയോട്യൂബ്, കടൽഭിത്തി, ബീച്ച്നറിഷ്മെന്റ് എന്നിവയിൽ അനുയോജ്യമായവ കണ്ടെത്തി നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

4) ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും ജീവസന്ധാരണത്തിനായി പദ്ധതിപ്രദേശത്തിന്റെ തെക്ക്ഭാഗത്തുള്ള ജനങ്ങൾക്കായി നടപ്പിലാക്കുമെന്ന് ഉറപ്പു നൽകിയ മത്സ്യബന്ധനയാനങ്ങൾക്കുള്ള പദ്ധതിയും വനിതകളുടെ കാര്യശേഷി വികസനത്തിനായുള്ള പദ്ധതികളും നടപ്പിലാക്കുക.

## ഓഖി ചുഴലിക്കാറ്റിൽ വാഗ്ദാനം ചെയ്ത് നടപ്പിലാക്കാത്ത പദ്ധതികൾ

1) കടൽ സുരക്ഷ ലക്ഷ്യമാക്കി വിതരണംചെയ്ത ഉപകരണങ്ങളുടെ ഉപയോഗക്ഷമത, പരമാവധി വിനിയോഗം, സാങ്കേതികമികവ്, പ്രയോജനം എന്നിവയെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിലുയരുന്ന ആശങ്കകളും സംശയങ്ങളും പരിഹരിക്കുക.

2) ഇനിയും വിതരണം ചെയ്യാനവശേഷിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുകയും നാവിക് ഉപകരണങ്ങളുടെ സാങ്കേതിക പോരായ്മ പരിഹരിക്കുകയും ചെയ്യുക.

3) മറൈയിൻ ആംബുലൻസിന്റെ പ്രവർത്തനം ഉറപ്പാക്കുകയും ഇനിയും നിർമ്മിക്കാനുള്ള രണ്ടെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യുക.

4) നിരവധിപേർക്ക് ജോലിയും വേതനവും ഉറപ്പ് നൽകി പ്രഖ്യാപിച്ച വിഴിഞ്ഞം ആധുനീക സമുദ്രഉത്പന്ന നിർമ്മാണ-വിപണന യൂണിറ്റ് എത്രയും വേഗം പൂർത്തിയാക്കി അതിൽ നിയമിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്ന 89 ഓഖി ബാധിത കുടുംബങ്ങളിലെ ആശ്രിതർക്ക് സ്ഥിരജോലി നൽകുക.

5) ഓഖിമൂലം സ്ഥിരമായി അംഗവൈകല്യം ഉണ്ടായവർക്കും ഇപ്പോഴും ചികിത്സയിലും അവശതയിലും കഴിയുന്നവർക്കും വാഗ്ദാനം ചെയ്ത പരിഹാര നടപടികൾ സ്വീകരിക്കുക.

6) ഓഖി ദുരന്തബാധിതരെ ബാങ്ക് ജപ്തിയിൽ നിന്ന് ഒഴിവാക്കി സർക്കാർ പ്രഖ്യാപിച്ച കടങ്ങൾ എഴുതിതള്ളുന്ന പദ്ധതി നടപ്പിലാക്കുക. ■

*തയ്യാറാക്കിയത്:*

**റ്റിഎസ്എസ്എസ് & അതിരൂപതാ ഫിഷറീസ് മിനിസ്ട്രി**





**ഭയക്കുന്നതെന്തും നമ്മെ ദുർബല രാക്കും നേരിട്ടാലോ അവ അകന്നുപോകും. നമ്മുടെ കുറവുകളെ അകറ്റാനും വഴി മറ്റൊന്നല്ല. ആയിരിക്കലിലും, നിഴലിനുമില്ലേ സൗന്ദര്യം. ഒരു വ്യക്തിയുടെ പൂർണത അയാളുടെ നിഴലുകളും ചേർന്നതാണ്.**

# നിഴലിലെ വെളിച്ചം

**ഡോ. ഫാ. എ.ആർ. ജോൺ**

നമ്മുടെ കുറവുകളും നാം അംഗീകരിക്കേണ്ട നിഴലുകളും നമ്മുടെ വ്യക്തിത്വത്തിന്റെ ഭാഗം തന്നെയല്ലേ. കുറവുകളില്ലാത്ത, വീഴ്ചകളില്ലാത്ത, ഇരുട്ടിന്റെ കണികപോലുമില്ലാത്ത, ഒരേ ഒരു വ്യക്തിയെ ഉള്ളൂ, ആ വ്യക്തിയെ നാം വിളിക്കുന്ന പേരാണ് ദൈവം. പിന്നെ നാമെല്ലാം വെളിച്ചമുള്ളവരാണ്. അതിനാൽ തന്നെ ഒപ്പം നിഴലും ഉണ്ടാകും. അതിൽ സങ്കടമോ നിരാശയോ കുറ്റബോധമോ വേണ്ട.

നമ്മിലെ നിഴലുകളെ അകറ്റാനുള്ള വഴി അവയെ അംഗീകരിക്കുക അഭിമുഖീകരിക്കുക എന്നതാണ്. ഭയത്തേയും ആകുലതകളെയും അകറ്റാൻ മനഃശാസ്ത്രത്തിൽ ഒരു ചികിത്സാ രീതിയുണ്ട്. അതിനെ സൈക്കോളജിക്കൽ ഡിസേൻസിന്റേയ്സേഷൻ (Psychological Desensitization) എന്നാണ് വിളിക്കുക. അതിൽ പ്രധാനമായ് ചെയ്യുന്നത് നിങ്ങൾ എന്തിനെ ഭയക്കുന്നുവോ, ആകുലപ്പെടുന്നുവോ അതിനെ തന്നെ ധൈര്യത്തോടും യാഥാർഥ്യബോധത്തോടും കൂടെ നേരിടുക എന്നതാണ്. ഭയന്നോടിയാൽ അത് വിടാതെ പിൻതുടരും. നേരിട്ടാലോ അവ അകന്നുപോകും.

നരേന്ദ്രൻ, എന്നുവച്ചാൽ; സ്വാമി വിവേകാനന്ദൻ ഒരിക്കൽ ക്ഷേത്രനടയിലെത്തി. അപ്പോൾ കുരങ്ങന്മാർ നരേന്ദ്രനെ പിൻതുടർന്നു, ഇത് കണ്ട് നരേന്ദ്രൻ നടക്കുന്നതിന്റെ വേഗത കൂട്ടി വാനരന്മാരും അങ്ങനെ തന്നെ ചെയ്തു. നരേന്ദ്രൻ ഓടാൻ തുടങ്ങി. കുരങ്ങന്മാരും അങ്ങനെ തന്നെ ചെയ്തു, അപ്പോൾ ഗുരുവായ രാമകൃഷ്ണപരമഹംസൻ പറഞ്ഞു; "ഓടാതെ അവയെ നേരിടുക". നരേ

**ശാന്തനും സൗമ്യനും അത്ഭുതങ്ങളും അടയാളങ്ങളും അപ്പവും നൽകുന്നവനുമായ ക്രിസ്തു തന്നെയല്ലേ ദൈവാലയത്തിൽ ചാട്ടവാറെടുക്കുന്നതും നാണയ കൈമാറ്റക്കാരെ ആട്ടിപ്പുറത്താക്കുന്നതും ലാസറിന്റെ മരണത്തിൽ കരയുന്നതും. എല്ലാം ചേർന്നതല്ലേ ക്രിസ്തു. ശക്തരായവർ തന്നെയാണ് കരയുന്നതും.**

ന്ദ്രൻ നിന്നു, കുരങ്ങന്മാരും നിന്നു. അവയുടെ നേരെ നടന്നു. അവ തിരിച്ചുനടന്നു. അവരുടെ നേരെ ഓടി അവ ഓടി രക്ഷപ്പെട്ടു.

ഭയക്കുന്നതെന്തും നമ്മെ ദുർബലരാക്കും നേരിട്ടാലോ അവ അകന്നു പോകും. നമ്മുടെ കുറവുകളെ അകറ്റാനും വഴി മറ്റൊന്നല്ല. ആയിരിക്കലിലും, നിഴലിനുമില്ലേ സൗന്ദര്യം. ഒരു വ്യക്തിയുടെ പൂർണത അയാളുടെ നിഴലുകളും ചേർന്നതാണ്. ആത്മാർത്ഥ ബന്ധങ്ങൾ രൂപപ്പെടുന്നത് അവരുടെ നിഴലുകളെക്കൂടെ അറിയുമ്പോഴും സ്വീകരിക്കുമ്പോഴുമാണ്. അപ്പോൾ പിറന്ന ബന്ധങ്ങൾ ആത്മാർത്ഥവും ദൃഢവും നിലനിൽക്കുന്നതുമാകും, കാരണം മറയ്ക്കാൻ നിഴൽപോലും അവരുടെ ഇടയിൽ ബാക്കിയില്ലല്ലോ. അതിനാൽ വെളിച്ചത്തെപ്പോലെ പ്രധാനമാണ് നിഴലും.

കാൾയുംഗിന്റെ വ്യക്തിവൽക്കരണത്തിൽ (individuation) ഒരാൾ പൂർണമായും ഞാനായിത്തീരുന്ന പ്രക്രിയയിൽ വ്യക്തിത്വത്തിന്റെ ഇരുണ്ട ഭാഗങ്ങളും കൂടെ ഞാൻ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. അധമ ഭാവങ്ങളെയും കൂടെ ബോധതലത്തിൽ എത്തിച്ചില്ലെങ്കിൽ നാം പലരേയും വേദനിപ്പിക്കും, മുറിപ്പെടുത്തും; പക്ഷേ വിരോധാഭാസമെന്ന് പറയട്ടെ, അവിടെ മുറിപ്പെടുത്തുന്നവർക്ക് അറിവുണ്ടാവില്ല, അവർ മറ്റുള്ളവരെ തങ്ങളുടെ കുറവുകളിലൂടെ മുറിപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്ന് സത്യം.

ഒരു കുടുംബത്തിലെ പ്രധാന പ്രശ്നം അതിലൊരാളുടെ അനിയന്ത്രിതദേഷ്യമായിരുന്നു. അതൊന്നു ശ്രദ്ധിക്കണമെന്ന് പറഞ്ഞപ്പോൾ അത്യുഗ്രദേഷ്യത്തോടെ അയാൾ പറഞ്ഞത്; ഞാൻ ദേഷ്യപ്പെടുന്നു എന്ന് ആരാണ് പറഞ്ഞത്, എനിക്ക് അങ്ങനെ ഉഗ്രകോപമൊന്നുമില്ല. അത് പറയുമ്പോഴും അയാൾ അറിയുന്നില്ല അയാൾ കോപംകൊണ്ട് ജ്വലിക്കുകയാണെന്ന്. നിഴലുകളകറ്റണോ? ആദ്യം വേണ്ടത് അവബോധമാണ്.


അവബോധം ഒരു കൃപയാണ്, ഒരു ബലമാണ്. അത് നിഷേധാത്മക ഭാവങ്ങളെ പിൻതുടർന്ന് അകറ്റും. റിൽക്ക് ഇങ്ങനെ കുറിക്കുന്നു; "എന്നിലെ പൈശാചികതയോട് സംവദിച്ചില്ലെങ്കിൽ, മാലാഖമാർ പറന്നുപോയേക്കാം" എന്ന്.

സ്വഭാവത്തിലേയും ലൈംഗികതയിലെയും നിഴലുകളെയും അപഭ്രംശങ്ങളെയും അവബോധത്തിൽ കൊണ്ട് വന്നിട്ടുവേണം അവയെ സ്നേഹമായും കരുതലായും ദയയായും സഹാനുഭൂതിയായും രൂപപ്പെടുത്താൻ. അങ്ങനെ നിഴലുകൾക്കപ്പുറം കടന്ന് നാം മറ്റുള്ളവർക്ക് കൂടുതൽ സ്വീകാര്യരും ആകർഷണീയരുമായിത്തീരും.

ശാന്തനും സൗമ്യനും അത്ഭുതങ്ങളും അടയാളങ്ങളും അപ്പവും നൽകുന്നവനുമായ ക്രിസ്തു തന്നെയല്ലേ ദൈവാലയത്തിൽ ചാട്ടവാറെടുക്കുന്നതും നാണയ കൈമാറ്റക്കാരെ ആട്ടിപ്പുറത്താക്കുന്നതും ലാസറിന്റെ മരണത്തിൽ കരയുന്നതും. എല്ലാം ചേർന്നതല്ലേ ക്രിസ്തു. ശക്തരായവർ തന്നെയാണ് കരയുന്നതും.


വയലിലെ ലില്ലികളെ (മത്തായി. 6:28) ക്കുറിച്ച് കർത്താവ് പറയുന്നുണ്ടല്ലോ. ഒരു കാറ്റും ഒരു പെരുമഴയും അവയെ തളർത്തിയും ഒടിച്ചും കളയില്ല. കാരണം അവ ഒരേ സമയം ദൃഢവും സൗന്ദ്ര്യമുള്ളതും അതേസമയം വഴക്കമുള്ളതുമാണ്. അങ്ങനെ കാണേണ്ടതുണ്ട് ജീവിതത്തെ.

ജീവിതം കുഴിയമിട്ടുകൾ പോലെയാണ്. പൊട്ടിവിടതാരിക്കുമ്പോൾ ആന്തരിക സമ്മർദ്ദവും പിരിമുറുക്കവും ഇരുട്ടും അസ്വസ്ഥതയുമാണ്. എന്നാലത് പൊട്ടി വിടർന്നാലോ നിറയെ പൂക്കളും നിറങ്ങളും വർണവെളിച്ചവുമായി പടർന്ന് ആകാശത്ത് സൗന്ദര്യക്കുട തീർക്കും. ■



**നമ്മിലെ നിഴലുകളെ അകറ്റാനുള്ള വഴി അവയെ അംഗീകരിക്കുക അഭിമുഖീകരിക്കുക എന്നതാണ്. ഭയത്തേയും ആകുലതകളെയും അകറ്റാൻ മനഃശാസ്ത്രത്തിൽ ഒരു ചികിത്സാ രീതിയുണ്ട്.**

അഗസ്റ്റിൻ കണിപ്പിള്ളി



# മകൾക്ക് മരണം വിലകൊടുത്ത് വാങ്ങണമോ?

ഒരു കുഞ്ഞ് പിറന്നുവെന്നുകേൾക്കുമ്പോൾ പണ്ടൊക്കെ ചിലർ ചോദിക്കുന്നത് കേട്ടിട്ടുണ്ട്. 'ഇങ്ങോട്ടോ അങ്ങോട്ടോ എന്ന്' മറ്റുചിലർ 'നമുക്കോ ആരാനോ?' എന്നൊക്കെ. രണ്ടിന്റെയും ഉദ്ദേശം ഒന്നുതന്നെ. കുട്ടി ആണോ പെണ്ണോ എന്നറിയുക തന്നെ. പക്ഷേ ഹാസ്യരൂപേണയുള്ള ആ ചോദ്യങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ഒരു കാഴ്ചപ്പാടുണ്ട്. കുട്ടി ആണാണെങ്കിൽ ഇങ്ങോട്ട്. അതായത്, കുടുംബത്തിലേക്ക് വരവും പെണ്ണാണെങ്കിൽ അങ്ങോട്ട് ചെലവും എന്നാണ് അർഥമാക്കുന്നത്. വരവും ചെലവും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്ത്രീധനം തന്നെയാണ്. ഒരു പെൺകുഞ്ഞ് ജനിക്കുമ്പോൾ മുതൽ മാതാപിതാക്കളിൽ രൂപം കൊള്ളുന്ന ഒരുതരം മാനസികവൈകാരികതയുടെ പിരിമുറുക്കമാണ് ഈ ചോദ്യങ്ങളിൽ നിഴലിക്കുന്നത്. ആ വൈകാരികത ചിലരിൽ സൃഷ്ടിക്കുന്ന അപക്വമായ ചിന്തകളും ചെയ്തികളുമാണ് ഇന്ന് കേരളം കേട്ടുനടുങ്ങുന്ന സ്ത്രീ(ധന)പീഡന മരണങ്ങൾക്ക് കാരണം. ബാല്യത്തിലും കൗമാരത്തിലും അരുമയായി വളർന്ന മകൾ യൗവനത്തിലെത്തുമ്പോൾ തങ്ങൾക്ക് ഭാരമായെന്നും അവളുടെ സാന്നിധ്യം പുരനിറഞ്ഞുവെന്നും അസ്വസ്ഥപ്പെടുന്ന കുടുംബങ്ങളും മാതാപിതാക്കളുമാണ് ഒരുപരിധിവരെ സ്ത്രീധനപീഡന മരണങ്ങളെ സൃഷ്ടിക്കുന്നത്. മകനുവേണ്ടി ഒരു ഇണയെ തേടുക എന്നതിലുപരി അവനും അവന്റെ കുടുംബത്തിനും ജീവസന്ധാരണത്തിനുള്ള ഒരു വകകൂടി തേടുന്ന ഒരു കച്ചവട സംസ്കാരമായി വിവാഹങ്ങൾ മാറിത്തുടങ്ങിയപ്പോഴാണ് വാരിക്കോരി കൊടുത്തിട്ടും ആർത്തിതീരാത്ത ഭർത്താവിനും കുടുംബത്തിനും മുന്നിൽ തൂങ്ങാനും അഗ്നിക്കിരയാകാനും സർപ്പദംശനമേറ്റ് ജീവനൊടുക്കാനും സുന്ദരജീവിതം സ്വപ്നം കണ്ടെത്തിയവർ ഗത്യന്തരമില്ലാതെ നിർബന്ധിതരാകുന്നത്.

ഒരു പെൺകുട്ടിയുടെ ജീവിതം തുടങ്ങുന്നതിനുമുമ്പേ പൊലിഞ്ഞുപോകുന്ന മരണവലയായി വിവാഹം മാറുന്നു എങ്കിൽ അത്തരം വിവാഹത്തെ

ക്കുറിച്ച് കുടുംബവും സമൂഹവും സർക്കാറുകളും അടിയന്തര പ്രാധാന്യത്തോടുകൂടി ചില കൂട്ടായ ആലോചനകൾ, തീരുമാനങ്ങൾ, മാറ്റങ്ങൾ കൈക്കൊള്ളേണ്ട കാലം കഴിഞ്ഞിരിക്കുന്നുവെന്ന് സമീപകാല സ്ത്രീധനപീഡന മരണങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

ഉത്ര എന്ന പെൺകുട്ടിയുടെ കൊലപാതക വാർത്തകൾ കെട്ടടങ്ങും മുൻപാണ് ഇപ്പോൾ വിസ്മയ എന്ന പെൺകുട്ടി സ്ത്രീധന കൊലപാതകത്തന്റെ ഇരയായി കേരള സമൂഹത്തിനു മുന്നിൽ ജീവനറ്റ് തൂങ്ങിനിൽക്കുന്നത്. ഇനിയെങ്കിലും ഇവ ആവർത്തിക്കപ്പെടാതിരിക്കാൻ മാതാപിതാക്കളും കുടുംബങ്ങളും സമൂഹവും ഉണരേണ്ടെ?

പെൺകുട്ടികളെ സ്വതന്ത്ര വ്യക്തിഥാർഥത്തിൽ വിവാഹധനസഹായം എന്ന ഏർപ്പാട് സർക്കാർ പിൻവലിക്കണം. അത്രയും ധനസഹായംകൂടി പെൺകുട്ടിക്ക് വിദ്യാഭ്യാസത്തിനും തൊഴിൽപരിശീലനത്തിനും തൊഴിൽ നൽകുന്നതിനുമായി ഉപയോഗിക്കണം. പരമാവധി ഇരുപത് പേരുണ്ടെങ്കിലും വിവാഹം നടത്താം എന്നു നമ്മൾ കോവിഡ്കാലത്തു കണ്ടതാണ്. ആ സംസ്കാരം നമ്മുടെ സമൂഹത്തിന്റെഭാഗമാക്കി മാറ്റണം. സ്ത്രീധനമില്ലാതെ വിവാഹം കഴിക്കുന്നവർക്ക് (സ്ത്രീക്കും പുരുഷനും) ഉദ്യോഗം ലഭിക്കുന്നതിനും പ്രമോഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് ചില മുൻഗണനകളും പരിഗണനകളും നൽകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

എണ്ണത്തിൽ കുറവാണെങ്കിലും ഷത്തോടെയും സുരക്ഷിതത്വത്തോടെയും ഈ ലോകത്ത് ജീവിച്ചിരിക്കണം എന്നാഗ്രഹിക്കുന്ന കുടുംബങ്ങൾ, മാതാപിതാക്കൾ സ്ത്രീധന നിരോധന നിയമം ലംഘിക്കുകയില്ലെന്ന് തീരുമാനമെടുക്കണം. ഈ നിയമം ലംഘിക്കാനായി പുരുഷാധിപത്യ താൽപര്യങ്ങളുടെ വലിയ സാമൂഹിക സമ്മർദം നിലനിൽക്കുമ്പോൾ അതിനെ ചെറുത്തുനിൽക്കാൻ സമൂഹത്തിന് കഴിയണം.

പൊതുസമൂഹത്തന്റെ താൽപര്യമാണോ സ്നേഹിച്ചുവളർത്തി വലുതാക്കിയ സ്വന്തം മകളുടെ ജീവനാണോ വലുത് എന്ന ഒരൊറ്റ ചോദ്യത്തിനു മുന്നിൽ മകളുടെ ജീവനാണ് വലുത് എന്ന ഒരൊറ്റ ഉത്തരം പറയാൻ ആർജവമുണ്ടായാൽ മതി. രണ്ടും വേണം എന്ന ഗത്യന്തരമില്ലാത്ത ചിന്തകളിൽ

**വിവാഹം ഒരു കൊടുക്കൽ വാങ്ങൽ അല്ലെന്നും ഒരു കുടുംബത്തിന്റെ തുടക്കമാണെന്നുമുള്ള അപബോധം സൃഷ്ടിക്കുന്ന അറിവും പരിജ്ഞാനവും യുവതീയുവാക്കൾക്ക് നൽകുന്നത് നല്ലതാണ്. ഇക്കാര്യത്തിൽ കത്തോലിക്കാ സഭകൾ നടത്തുന്ന 'പ്രീമാര്യേജ് ഗൈഡൻസ് കോഴ്സ്' ഒരു മാതൃക തന്നെയാണ്.**



കളായി വളർത്താനും സ്വന്തമായി ജോലിചെയ്ത് വരുമാനമുണ്ടാക്കാനും സ്വാശ്രയത്വത്തോടെ ജീവിക്കാനും പ്രാപ്തമാക്കാത്തതല്ലേ ഇന്നീ ദുരന്തത്തിന്റെ കാരണം. മകളെ വിവാഹം കഴിച്ചയക്കാൻ സ്ത്രീധനമുണ്ടാക്കി ജീവിതം ഹോമിക്കുന്ന മാതാപിതാക്കൾക്ക് ആശ്വാസത്തോടും ആരോഗ്യത്തോടും സന്തോഷത്തോടുംകൂടിയുള്ള ഒരു ജീവിതം വേണ്ടേ? അതിനായി 1961 ൽ രൂപം നൽകിയ സ്ത്രീധന നിരോധന നിയമം നടപ്പാക്കാൻ സർക്കാറിന്റെ ഭാഗത്തുനിന്ന് പ്രതിരോധപ്രവർത്തനങ്ങളുടേതായ എല്ലാ അന്തരീക്ഷവും ബോധപൂർവമായ പിന്തുണയും സൃഷ്ടിക്കണം. യസ്ത്രീധനവിവാഹത്തെ എതിർക്കുന്ന, ഉപേക്ഷിക്കുന്ന സ്ത്രീപുരുഷന്മാർ നമുക്കിടയിലുണ്ട്. പല സ്ത്രീകളും സാമ്പ്രദായിക സ്ത്രീധനവിവാഹത്തെ ഭയന്ന് ഉന്നത വിദ്യാഭ്യാസം നേടി കുടുംബത്തിന്റെ സമ്മർദങ്ങളെ അതിജീവിക്കാൻ ശ്രമിച്ച് വിജയിച്ചിട്ടുണ്ട്. പെൺമക്കൾ സ്ത്രീധനവിവാഹത്തെക്കുറിച്ചുള്ള ഭയമില്ലാതെ, കൂസലില്ലാതെ, ആത്മവിശ്വാസത്തോടെയാണ് വളരേണ്ടത്. ഇഷ്ടമുള്ള കാര്യങ്ങൾ പഠിക്കാനും പ്രവർത്തിക്കാനും അവർക്ക് അവസരവും അവകാശവും ഉണ്ടെന്ന് പറയാനുള്ള ആത്മവിശ്വാസം കുടുംബാംഗങ്ങൾ നേടണം.

തങ്ങളുടെ പെൺമക്കൾ സന്തോകുരുങ്ങിയാൽ ഉത്രയും വിസ്മയയും മറ്റു പേരുകളിൽ നമ്മുടെ മുന്നിൽ ഇനിയും പ്രത്യക്ഷപ്പെടും. ഇണയായി വീട്ടിൽ വന്നുകയറുന്ന യുവതിക്ക് എങ്ങനെ തുണയും പങ്കാളിയും ആകണമെന്ന് ആൺമക്കളെ പഠിപ്പിക്കാനുള്ള ഉത്തരവാദിത്തം മതാപിതാക്കൾ മറന്നുപോകരുത്. കൊല്ലപ്പെടുമ്പോൾ മാത്രമാണ് സ്ത്രീധനവിവാഹത്തിന്റെ അപകടങ്ങൾക്ക് പൊതുദൃശ്യതപോലും കിട്ടുന്നത്. എന്നാൽ, ഈ മരണവലയിൽ കുടുങ്ങിക്കിടക്കുന്ന അനേകായിരം പെൺകുട്ടികൾ നമുക്കിടയിലുണ്ട്. സ്ത്രീധനം പോരാത്തതിന്റെ പേരിൽ മർദനങ്ങളും ചീത്തവിളികളും അപമാനങ്ങളും സഹി

ച്ചുകൊണ്ട് പുറംലോകത്തെ അറിയിക്കാതെ വിധിയെന്നു കരുതി മരണസമാനമായി ജീവിതം തള്ളിനീക്കുന്നവർ ഒട്ടനവധിയാണ്.

സ്ത്രീധനം കൊടുത്ത് പെൺകുട്ടികളെ വിവാഹം ചെയ്തയച്ചാൽ ഭാരമൊഴിഞ്ഞു എന്നു കരുതുന്ന കുടുംബങ്ങളും വിവാഹത്തോടെ സ്വന്തം വീട്ടിൽ അതുവരെയും തനിക്കുണ്ടായിരുന്ന സ്ഥാനവും ഇടവും നഷ്ടപ്പെട്ടു എന്നു മനസ്സിലാക്കുന്ന പെൺകുട്ടികളും ഒരു സാമൂഹിക ദുരന്ത യാഥാർഥ്യമാണ്. ഭർത്താവിന്റെ വീട്ടിൽ ദുരിതമനുഭവിക്കുന്ന പെൺകുട്ടികൾ സ്വന്തം വീട്ടിലേക്കു വരുമ്പോൾ അവരെ ഉൾക്കൊള്ളാൻ കുടുംബത്തിന് കഴിയാതിരിക്കുന്നത് വേദനജനകമാണ്. ഭർതൃകുടുംബത്തിൽ നിന്ന് ഗത്യന്തരമില്ലാതെ രക്ഷപ്പെട്ടുവരുന്ന പെൺകുട്ടികൾക്ക് എവിടെയാണ് അഭയം? ഒറ്റക്ക് ഇറങ്ങിവരുന്ന, വിവാഹമോചനത്തിന് ആഗ്രഹിക്കുന്ന പെൺകുട്ടികളെ നമ്മുടെ സമൂഹം ഉൾക്കൊള്ളുകയില്ല. ഈ പെൺകുട്ടികൾ എന്തു ചെയ്യണം? സ്വന്തമായി ജോലിയും വരുമാനവുമുണ്ടെങ്കിലും ഒറ്റക്ക് ജീവിക്കാൻ തീരുമാനിക്കുന്ന പെൺകുട്ടികൾക്ക്, സ്ത്രീകൾക്ക് വാടകക്ക് വീടുകൾപോലും നൽകാൻ തയാറാവാത്ത സമൂഹമാണ് നമ്മുടേത്. ഒറ്റക്കു ജീവിക്കുന്ന സ്ത്രീയും ഒരു കുടുംബം എന്ന നിർവചനത്തിനുള്ളിൽ ഉണ്ടാവണം. അതിജീവനശ്രമത്തിനിടയിൽ ഒറ്റക്കായിപ്പോകുന്ന സ്ത്രീകൾക്ക് സുരക്ഷിതമായും അഭിമാനകരമായും ജോലി ചെയ്തു ജീവിക്കാൻ അവസരം സൃഷ്ടിക്കപ്പെടണം.

സ്ത്രീധന പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം, സ്ത്രീധന നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾക്ക് നിയമവ്യവസ്ഥകൾ വേണം. സ്വത്തവകാശ നിയമപ്രകാരം പെൺമക്കൾക്കുള്ള ഭാഗം ഭൂമിയായോ പണമായോ വീടായോ മറ്റോ അവളുടെ മാത്രം ഉടമസ്ഥതയിൽ നൽകണം എന്ന വ്യവസ്ഥ പാലിക്കപ്പെടണം. വധുവിനെപ്പോലെ വരനും തനിക്കുള്ള സ്വത്ത് വിവാഹാവസരത്തിൽ വെളിപ്പെടുത്തണം. സ്ത്രീധനവും പുരുഷധനവും ദമ്പതികളുടെ പേരിൽ നിയമപരമായി രജിസ്റ്റർ ചെയ്യുന്നതും ചിന്തിക്കാവുന്നതാണ്. വരന്റെയും കുടുംബത്തിന്റെയും ലക്ഷക്കണക്കായ കടബാധ്യതകൾ തീർക്കാനുള്ള ഒരു മാർഗമായി വിവാഹവും സ്ത്രീധനവും മാറാൻ പാടില്ല. വിവാഹം ഒരു കൊടുക്കൽ വാങ്ങൽ അല്ലെന്നും ഒരു കുടുംബത്തിന്റെ തുടക്കമാണെന്നുമുള്ള അവബോധം സൃഷ്ടിക്കുന്ന അറിവും പരിജ്ഞാനവും യുവതീയുവാക്കൾക്ക് നൽകുന്നത് നല്ലതാണ്. ഇക്കാര്യത്തിൽ കത്തോലിക്കാ സഭകൾ നടത്തുന്ന 'മാര്യേജ് പ്രിപ്പറേഷൻ കോഴ്സ്' ഒരു മാതൃക തന്നെയാണ്. സ്ത്രീധനത്തിനെതിരെയുള്ള ബോധവൽക്കരണം, വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ തന്നെ നൽകാൻ തക്കവിധം സ്കൂൾ പാഠ്യപദ്ധതികളിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാനാകണം. അങ്ങനെ അവകാശ അവബോധവും കുടുംബ സുരക്ഷിതത്വവും ഉറപ്പാക്കുന്ന നവ വിവാഹസംസ്കാരം ഉടലെടുക്കാൻ ഇത്രയും വിസ്മയയും നിമിത്തമാകട്ടെ. ■

## ആശംസകൾ



**ഫാ. ദീപക് ആന്റോ**

**ജീവനും വെളിച്ചവും മാസികയുടെ പത്രാധിപരായി ചുമതലയേൽക്കുന്ന ഫാ. ദീപക് ആന്റോയ്ക്ക് 'ജീവനും വെളിച്ച'ത്തിന്റെ ആശംസകൾ**

## കൗൺസിലിംഗ് കോഴ്സുകളുടെ അഡ്മിഷൻ ആരംഭിച്ചു

**തിരുവനന്തപുരം** അതിരൂപതയിൽ കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ കേന്ദ്രസംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന (എസ് ആർ സിയുടെ അംഗീകാരം) കൗൺസിലിംഗ് കോഴുസുകളുടെ (സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് 8 മത് ബാച്ച്, ഡിപ്ലോമ ഇൻ കൗൺസിലിംഗ് 3 മത് ബാച്ച്) അഡ്മിഷൻ ആരംഭിച്ചു. ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ്, ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കൗൺസിലിംഗ് എന്നീ കോഴുകളാണ് നടത്തുന്നത്. സർട്ടിഫിക്കറ്റ് കോഴ്സിന് ചേരാൻ പ്ളസ് ടു, ഡിപ്ലോമ കോഴ്സിന് ഡിഗ്രിയുമാണ് വിദ്യാഭ്യാസ യോഗ്യത. മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ ക്ളാസ്സുകൾ ക്രമീകരിച്ചിരിക്കുന്ന കോഴ്സ് 2021 ജൂലൈ 15 ന് ആരംഭിക്കും. 2021 ജൂലൈ 10 നകം അപേക്ഷകൾ സമർപ്പിക്കണം. പ്രോസ്പെക്ടസ് SRC (കേരള ഗവണ്മെന്റ്) നന്ദാവനം ഓഫീസിൽ നിന്നും, കുടുംബശുശ്രൂഷ കാര്യാലയത്തിൽ നിന്നും ലഭ്യമാണ്. വെള്ളയമ്പലം കുടുംബശുശ്രൂഷ കാര്യാലയത്തിലെ സെന്റ്. ജിയന്ന ഹാളിൽ ഒരുക്കിയിരിക്കുന്ന ക്ളാസ്സുകൾക്ക് പ്രഗത്ഭരായ ആധ്യാപകർ നേതൃത്വം നൽകുന്നു. വിശദവിവരങ്ങൾക്ക് 8281123941, 9387296213 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 4)

# ദൈവത്തിന്റെ കൃപ അതല്ലേ എല്ലാം


നീർച്ചാലുകൾ

റവ. ഫാ. തോമസ് ജെ. നെറ്റോ


എസെ. 2:2-5 | 2 കൊറി. 14: 7-10 | മാർക്ക്. 6: 1-6



ദൈവിക ശുശ്രൂഷ നിർവഹിക്കപ്പെടുന്നത് മാനുഷികമായ കരുത്തുകൊണ്ടല്ല. മറിച്ച്, ദൈവത്തിന്റെ കൃപയും കരുത്തും കൊണ്ടാണ്. അതിനാൽ ശുശ്രൂഷകർ സ്വന്തം ശക്തികളിൽ അഹങ്കരിക്കുകയോ, കുറവുകളിൽ തളരുകയോ അല്ല വേണ്ടത്.

"ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല". യേശുവിന്റെ കാലത്ത് സാധാരണക്കാരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു പഴമൊഴിയാണിത്. തന്റെ കാര്യത്തിലും അത് അന്വർഥമാണെന്ന് യേശു ഇന്നത്തെ സുവിശേഷ ഭാഗത്തിലൂടെ വ്യക്തമാക്കുന്നു. സ്വദേശത്തുമാത്രമല്ല, സ്വഭവനത്തിലും ബന്ധുജനങ്ങളുടെ ഇടയിലും പ്രവാചകൻ അവമതിക്കപ്പെടുന്നുവെന്ന് യേശു കൂട്ടിച്ചേർക്കുന്നു.

യേശുവിന്റെ കുടുംബം വസിച്ചിരുന്നതും യേശു വളർന്നതും നസ്രത്തിലായിരുന്നു. അതിനാൽ നസ്രത്ത് യേശുവിന്റെ സ്വദേശമായി കരുതപ്പെട്ടു. നസ്രത്തിലെ സിനഗോഗിൽ യേശു സുവിശേഷം പ്രസംഗിച്ചു. ആ പ്രബോധനത്തിൽ യേശുവിന്റെ നാട്ടുകാരായ ശ്രോതാക്കൾ വിസ്മയിച്ചു. എന്നാൽ അവർ യേശുവിനെയും ആ പ്രബോധനത്തെയും സ്വീകരിച്ചില്ല. അവരുടെ പ്രതികരണം ചില ചോദ്യങ്ങളായിരുന്നു: "ഇവന് ഇവയെല്ലാം എവിടെനിന്ന്? ഇവന് കിട്ടിയ ഈ ജ്ഞാനം എന്ത്?... ഇവൻ മറിയത്തിന്റെ മകനല്ലേ?... ഇവൻ മരപ്പണിക്കാരനല്ലേ?". യേശുവിനെ അംഗീകരിക്കുന്നതിന് പകരം അവർ അവിടുത്തെ ജ്ഞാനത്തിന്റെയും ശക്തിയുടെയും ഉറവിടം തേടുകയായിരുന്നു.

യേശുവിന്റെ കുടുംബ പശ്ചാത്തലവും തൊഴിലും അറിയുന്നവർക്ക് അവിടുത്തെ ജ്ഞാനത്തിന്റെയും അധികാരത്തിന്റെയും ഉറവിടം ദൈവമാണെന്ന് സമ്മതിക്കാനായില്ല. സ്വന്തം നാട്ടുകാരുടെ വിശ്വാസ രാഹിത്യവും തിരസ്കരണവും യേശുവിനെ വിസ്മയിപ്പിച്ചു. സ്വന്തക്കാർക്കിടയിൽ പ്രവാചകർക്കുണ്ടായ അതേ അനുഭവത്തിൽ യേശുവും പങ്കുചേർന്നു. പലപ്പോഴും നമ്മുടെ മുൻവിധികളാണ് മറ്റുള്ളവരെയും അവരിലെ നന്മയെയും ഉൾക്കൊള്ളാനും അംഗീകരിക്കാനും നമുക്ക് തടസമാകുന്നത്.

"മനുഷ്യപുത്രാ, ഇസ്രായേൽ ജനത്തിന്റെ അടുത്തേക്ക് നിന്നെ ഞാൻ അയക്കുന്നു" - ദൈവം എസക്കിയേൽ പ്രവാചകനോട് അരുളിചെയ്തു. അവർ ധിക്കാരികളും നിഷേധികളും മർക്കടമുഷ്ടിക്കാരും കഠിനഹൃദയരും ആണെന്നറിഞ്ഞിട്ടും ദൈവം പ്രവാചകനെ അവരുടെ അടുത്തേക്ക് അയയ്ക്കുന്നു.

ആരാണ് ഒരു പ്രവാചകൻ? എന്താണ് പ്രവാചകന്റെ ദൗത്യം? കർത്താവിന്റെ നാമത്തിൽ സംസാരിക്കുന്നവരാണ് പ്രവാചകൻമാർ. ദൈവത്താൽ അയക്കപ്പെട്ട പ്രവാചകന്മാർ ദൈവത്തിന്റെ സന്ദേശം നൽകുന്നവരാണ്. അവർ പലപ്പോഴും നമ്മുടെ ജീവിതങ്ങളെ തിരുത്തുവാൻ ആഹ്വാനം ചെയ്യുന്നു. തിന്മയെ വെടിയാനും നന്മയെ സ്വീക

രിക്കുവാനും നിരന്തരം പ്രചോദിപ്പിക്കുന്നു. നമ്മുടെ ജീവിതങ്ങൾക്ക് അവർ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നു. നമുക്ക് മുന്നിലുള്ള അപകടങ്ങളെ ചൂണ്ടിക്കാണിക്കുന്ന സിഗ്നലുകളായി നിലകൊള്ളുന്നു. സർവോപരി അവർ പ്രത്യാശയുടെ പ്രകാശഗോപുരങ്ങളായി വർത്തിക്കുന്നു.

ഇന്ന്, ദൈവം അയ്ക്കുന്ന ചില മനുഷ്യരുണ്ട് നമ്മുടെ ജീവിതങ്ങളിൽ. പ്രവാചകരെ പോലെ അവർ നമുക്കുവേണ്ട ദൈവിക സന്ദേശം നൽകുന്നു. അവരെ തിരിച്ചറിയാനും സ്വീകരിക്കാനും കഴിയുന്നത് നമുക്ക് എപ്പോഴും ഒരനുഗ്രഹമാണ്. അവരിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നുണ്ട്. മാതാപിതാക്കളിലൂടെ, സഹോദരനിലൂടെ, സഹപാഠികളിലൂടെ, അയൽക്കാരിലൂടെ, അധ്യാപകരിലൂടെ, ഗുരുഭൂതരിലൂടെ ദൈവം ഇന്നും നമ്മുടെ അടുത്ത് വരുന്നുണ്ട്. ചിലപ്പോഴെല്ലാം നമുക്ക് ഇഷ്ടപ്പെടാത്തവരിലൂടെയും നമ്മെ എതിർക്കുന്നവരിലൂടെയും നമുക്ക് അപരിചിതരായവരിലൂടെയും ദൈവം നമ്മോട് സംസാരിക്കും. അവരെയും അവരുടെ സന്ദേശങ്ങളെയും അവഗണിക്കുന്നതല്ല, ഉൾക്കൊള്ളുന്നതാണ് ജീവിതവിജയത്തിന് അഭികാമ്യം.

"ശരീരത്തിൽ ഒരുമുള്ള് എനിക്ക് നൽകപ്പെട്ടിരിക്കുന്നു." അപ്പോസ്തലനും പ്രഘോഷകനുമായ പൗലോസിന്റെ ഈ വാക്കുകൾ സുവിശേഷ പ്രഘോഷണത്തിന് അയക്കപ്പെടുന്നവരിലെ ബലഹീനതകളും കുറവുകളും എടുത്തുകാണിക്കുന്നു. ആ കുറവുകൾ നികത്താൻ അപ്പോസ്തലൻ പലവുരു പ്രാർത്ഥിച്ചിട്ടും ഫലമുണ്ടായില്ല. ആ കുറവുകളിലാണ് ദൈവത്തിന്റെ ശക്തി ഏറ്റവും നന്നായി പ്രകടമാകുന്നത്. "നിനക്ക് എന്റെ കൃപമതി. എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്". ഇതായിരുന്നു പൗലോസിന് ദൈവം നൽകിയ മറുപടിയും ഉറപ്പും.

ദൈവിക ശുശ്രൂഷ നിർവഹിക്കപ്പെടുന്നത് മാനുഷികമായ കരുത്തുകൊണ്ടല്ല. മറിച്ച്, ദൈവത്തിന്റെ കൃപയും കരുത്തുംകൊണ്ടാണ്. അതിനാൽ ശുശ്രൂഷകർ സ്വന്തം ശക്തികളിൽ അഹങ്കരിക്കുകയോ, കുറവുകളിൽ തളരുകയോ അല്ല വേണ്ടത്. പകരം, തങ്ങളെ അയച്ച ദൈവത്തിൽ അവർ നിരന്തരം ആശ്രയിക്കുകയാണ് വേണ്ടത്. "ദൈവത്തിന്റെ കൃപ, അതല്ലേ എല്ലാം". ഇന്നും സഭാശുശ്രൂഷകർ തിരിച്ചറിയേണ്ടത് ഇതല്ലാതെ മറ്റെന്താണ്?

ആണ്ടുവട്ടം 15-ാം ഞായർ (ജൂലൈ 11)

# നിനക്ക് അവന്റെ കരുതൽ മാത്രം മതി

## നീർച്ചാലുകൾ

റവ. ഡോ. ലോറൻസ് കുലാസ്

ആമോ 7:12-15 | എഫേ 1:3-14 | മർക്കോ 6:7-13



യേശു ശിഷ്യരെ വിളിക്കുന്ന വിവരണത്തിൽ (1:16-20) മർക്കോസ് വിളിയുടെ ലക്ഷ്യം വ്യക്തമാക്കിയിരുന്നില്ല. വിളിക്ക് ശേഷം ശിഷ്യരെ അപ്പസ്തോലന്മാരായി നിയമിക്കുന്ന അവസരത്തിലാണ് മർക്കോസ് വിളിയുടെ ലക്ഷ്യം വ്യക്തമായി പ്രതിപാദിക്കുന്നത്: "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനും" (3:14-15). ഈ അപ്പസ്തോലിക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് യേശു ശിഷ്യരെ ദൗത്യം നല്കി അയയ്ക്കുന്നു (6:7-13). പ്രസംഗിക്കുന്നതിനും രോഗശാന്തി നല്കുന്നതിനും പിശാചുക്കളെ ഒഴുപ്പിക്കുന്നതിനുമാണ് അവർ അയയ്ക്കപ്പെടുന്നത് (6:12-13). യേശുവിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയെന്നോണമാണ് അപ്പസ്തോലർ നിർവ്വഹിക്കേണ്ട പ്രേഷിതപ്രവർത്തനങ്ങളായ പ്രസംഗം, രോഗശാന്തി, ബാധോച്ചാടനം എന്നിവ. യേശുവിന്റെ തന്നെ ദൗത്യത്തിൽ അപ്പസ്തോലർ പങ്കുചേരാൻ ക്ഷണിക്കപ്പെടുകയാണ്. യേശുവിനാൽ അയയ്ക്കപ്പെട്ടവർ എന്ന നിലയിൽ അവിടുത്തെ നാമത്തിലും അധികാരത്തിലുമാണ് അവർ പ്രവർത്തിക്കേണ്ടത്. ആകയാൽ അവരുടെ പ്രവർത്തനങ്ങളിൽ യേശു സന്നിഹിതനാണ്. അപ്രകാരം ജീവിതത്തിലും പ്രേഷിതദൗത്യത്തിലും ശിഷ്യർ യേശുവിനോടു താദാത്മ്യം പ്രാപിക്കുന്നു.

പ്രേഷിത ദൗത്യവുമായി ശിഷ്യർ അയയ്ക്കുമ്പോൾ രണ്ടുപേരെ വീതമായാണ് അയയ്ക്കപ്പെടുന്നത്. ഇപ്രകാരമൊരു നടപടി എന്തുകൊണ്ട് യേശു സ്വീകരിച്ചുവെന്നത് വ്യക്തമല്ല. എങ്കിലും ഇതെ സംബന്ധിച്ച് ചില അനുമാനങ്ങളിൽ വായനക്കാർക്ക് എത്തിച്ചേരാം. ഒന്ന്, ആദിമസഭയിലെ പ്രേഷിതദൗത്യത്തിന്റെ സ്വഭാവ സവിശേഷതയായി ഇതിനെ കണക്കാക്കാം. ഉദാഹ

രണമായി, പത്രോസും യോഹന്നാനും (അപ്പ 3:11;8:9); ബർണബാസും പൗലോസും (അപ്പ 11:25-26). രണ്ടാമതായി, രണ്ടുപേർ വീതം പ്രേഷിതദൗത്യത്തിനായി അയയ്ക്കപ്പെട്ടിരുന്ന നടപടിക്രമം അന്നത്തെ യാത്രദുർഘടത്തെ തരണം ചെയ്യാൻ വേണ്ടിയായിരുന്നിരിക്കും. മൂന്നാമതായി, രണ്ടോ മൂന്നോ പേരുടെ സാക്ഷ്യത്തിലായിരിക്കണം ഒരു സംഭവത്തിന്റെ സ്ഥിരീകരണം എന്ന യഹൂദ സമ്പ്രദായവും നിയമവും നടപ്പിലാക്കുവാൻ വേണ്ടിയാകാം (നിയ 17:6;19:15; സംഖ്യ 35:30). അവസാനമായി, യാത്രവേളയിലുള്ള പരസ്പര സഹായവും അതിലൂടെ പ്രേഷിതദൗത്യത്തിന്റെ സമൂഹിക സ്വഭാവത്തിന് പ്രാധാന്യം നല്കാൻ വേണ്ടിയായിരിക്കാം.

തുടർന്ന് യാത്രയെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളാണ് ലഭിക്കുന്നത്. ഭക്ഷ്യവസ്തുക്കളോ പണമോ ഒന്നിലേറെ വസ്ത്രങ്ങളോ കൂടെ കൊണ്ടുപോകരുത് എന്നതാണ് നിർദ്ദേശങ്ങളിൽ ആദ്യഗണം. പ്രേഷിതരുടെ മുഖമുദ്ര ദാരിദ്ര്യവും പൂർണമായ ദൈവാശ്രയവും ആയിരിക്കണമെന്ന് വ്യക്തമാക്കുന്നതാണ് ഈ നിർദ്ദേശങ്ങൾ. യാത്രയിൽ കൂടെ കൂട്ടാവുന്നത് വടിയും ചെരുപ്പുമാണെന്ന നിർദ്ദേശമാണ് തുടർന്ന് ലഭിക്കുന്നത്. പ്രേഷിത യാത്ര ദൈർഘ്യമേറിയതും വിഷമകരവും ആകയാൽ ഇവ അനുവദനീയമാകുന്നു. ഇപ്രകാരമുള്ള ഒരു പ്രേഷിത ശൈലി ശിഷ്യരുടെ ദൗത്യത്തിന് വിശ്വാസ്യതയും ആധികാരികതയും നല്കുന്നു. നിർദ്ദേശങ്ങളിലെ മൂന്നാം ഘട്ടം ശിഷ്യർ നേരിടേണ്ടി വരുന്ന സ്വീകാര്യതയും അതിന് വിപരീതമായ തിരസ്കരണങ്ങളെ സംബന്ധിക്കുന്നതാണ്. ശിഷ്യർ ജനമധ്യേ അസ്വീകാര്യരാകുമ്പോൾ അവരുടെ പ്രതികരണം എപ്രകാരമായിരിക്കണമെന്നുള്ളതാണ് ഇവിടെ ശ്രദ്ധേയമായത്. അത്തരം സന്ദർഭങ്ങളിൽ ആ സ്ഥലം വിടുന്നതിനുമുമ്പു തങ്ങളുടെ കാലിലെ പൊടി അവർ തട്ടക്കളയണം (6:11). വിജാതീയ നാടുകളിൽ നിന്നു പാലസ്തീനായിൽ തിരിച്ചെത്തുന്ന ഭക്തരായ യഹൂദർ തങ്ങളുടെ കാലിലെയും വസ്ത്രങ്ങളിലെയും പൊടി തട്ടിക്കളയുന്ന പതിവുണ്ടായിരുന്നു. വിശ്വസിക്കാൻ കൂട്ടാക്കാത്ത യഹുദരെ പുറജാതികളെപ്പോലെ കണക്കാക്കുമെന്ന മുന്നറിയിപ്പു നല്കുവാൻ ശിഷ്യരും ഈ പ്രവൃത്തി നിർവഹിക്കണം. അപ്രകാരം പ്രേഷിതദൗത്യനിർവ്വഹണം ഏറെ ശ്രമകരമായ ഒരു ദൗത്യമാണെന്നുള്ള സൂചനയാണ് ഇവിടെ ലഭിക്കുന്നത്.

നിർദ്ദേശങ്ങൾക്കനുസൃതമായി ശിഷ്യഗണം തങ്ങളെ ഭരമേൽപിച്ച പ്രസംഗം, ബാധോച്ചാടനം, രോഗശാന്തി എന്നീ ദൗത്യങ്ങൾ നിർവ്വഹിച്ചുവെന്ന വിവരണമാണ് മർക്കോസ് തുടർന്ന് നല്കുന്നത് (6:12-13). അവരുടെ പ്രസംഗത്തിൽ അനുതപിക്കുവാനുള്ള ആഹ്വാനമാണ് മുഖ്യമായും അടങ്ങിയിരുന്നത്. ഇത് സ്നാപകയോഹന്നാന്റെ പ്രസംഗത്തെയും (1:4) യേശുവിന്റെ പ്രബോധനങ്ങളെയും (1:15) അനുസ്മരിപ്പിക്കുന്നു. രോഗികളെ തൈലംപൂശി സുഖപ്പെടുത്തുന്ന രീതി യഹൂദർ അനുവർത്തിച്ചുപോന്നിരുന്ന രോഗശാന്തിദായകമായ ഒരു കർമ്മത്തെ ഓർമ്മപ്പെടുത്തുന്നു. കൂടാതെ, രോഗികളുടെമേൽ തൈലം പൂശുന്ന പതിവ് ആദിമ സഭയിലും നിലനിന്നിരുന്നു (യാക്കോ 5:14,15). രോഗശാന്തി നല്കിയതും യേശുവിന്റെ ദൗത്യത്തിന്റെ തുടർച്ചായായി നിലകൊള്ളുന്നു. യേശു പിശാചുക്കളെ ബഹിഷ്കരിച്ച അതേ രീതി ശിഷ്യരും അവലംബിക്കുന്നു. അപ്രകാരം മേൽ സൂചിപ്പിച്ച മൂന്ന് ദൗത്യങ്ങളും യേശുവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ശിഷ്യർ നിർവ്വഹിച്ചപ്പോൾ യേശുവിന്റെ പ്രേഷിത ദൗത്യങ്ങളിൽ അവരും സമാന്തരമായി പങ്കാളികളാവുകയായിരുന്നു.

മനുഷ്യരുടെ സമ്പത്തിലോ മറ്റു കഴിവുകളിലോ ആശ്രയിക്കാതെ സമ്പൂർണ്ണ ദൈവാശ്രിത ജീവിത ശൈലിയിലൂടെ യേശുവിന്റെ ശിഷ്യർ തങ്ങളെ ഭരമേൽപിച്ച ദൗത്യം നിർവ്വഹിക്കുന്നു. ദൈവത്തിൽ നിന്നുള്ളതാണ് തങ്ങളുടെ വിളിയെന്നും അവിടുന്ന് തന്റെ പദ്ധതികളിൽ തങ്ങളെ പങ്കെടുപ്പിക്കുകമാത്രമാണെന്നും അവർ മനസിലാക്കുന്നു. ഭരമേൽപ്പിക്കപ്പെട്ട ദൗത്യത്തോട് ശരിക്കും സമർപ്പിതമായ മനോഭാവം പുലർത്താൻ നാമും ക്ഷണിക്കപ്പെടുന്നു.

ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 18)

## നീർച്ചാലുകൾ

ഫാ. ഇമ്മാനുവേൽ

# ക്രിസ്തുവാകുന്ന കാരുണ്യനിധി

ജറെ. 23:1-6 | എഫേ. 2: 13-18 | മാർക്ക്. 6: 30-34

ശിഷ്യന്മാർക്ക് മരുഭൂമി അപകടത്തിന്റെയും ഏകാന്തതയുടെയും ഇടമായിത്തീരുമ്പോൾ ക്രിസ്തു മരുഭൂമിയെ ദൈവസാന്നിധ്യത്തിന്റെ ഇടമായി നിർവചിക്കുകയാണ്. ശിഷ്യന്മാർ ഭയപ്പാടോടെ ജനങ്ങളുടെ അനാഥത്വത്തെ സമീപിച്ചപ്പോൾ ക്രിസ്തു കരുണയോടെ അവരെ സ്വന്തമാക്കി.

അനാഥരായവരുടെയും അനാഥമാക്കപ്പെടുന്നവരുടെയും നാഥനാണ് ക്രിസ്തുവെന്ന് വചനം വ്യക്തമാക്കുന്നുണ്ട്. നിയ. 27:16, 17

ൽ, "അവിടുത്തെ ജനം ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിപ്പോകാതെ എല്ലാ കാര്യങ്ങളിലും അവരെ നയിക്കാൻ സകല ജീവന്റെയും ദൈവമായ കർത്താവ് ഒരാളെ സമൂഹത്തിന്റെമേൽ നിയമിക്കാൻ തിരുവുള്ളമാകട്ടെയെന്ന് മോശ കർത്താവിനോട് അപേക്ഷിക്കുന്നുണ്ട്. 1. രാജാ. 22:17 - ൽ "മിക്കായാ പറയുന്നു: ഇസ്രായേൽ ജനം ഇടയനില്ലാത്ത ആടുകളെപ്പോലെ പർവതങ്ങളിൽ ചിതറിക്കിടക്കുന്നത് ഞാൻ കണ്ടു; കർത്താവ് അരുളിചെയ്യുന്നതും കേട്ടു ഇവർക്ക് നാഥനില്ല." എസെ 34:5, 6 ൽ, എസെക്കിയേൽ പ്രവാചകനോട് ദൈവം നെഞ്ചലിവോടെ ഉണർത്തിക്കുന്നത് "ഇടയനില്ലാത്തതിനാൽ അവ ചിതറിപ്പോയി; കാട്ടിലെ മൃഗങ്ങൾക്ക് അവ ഇരയായിത്തീർന്നു. എന്റെ ആടുകൾ ചിതറിപ്പോയി... അവയെ തെരയാനോ അന്വേഷിക്കാനോ ആരും ഉണ്ടായിട്ടില്ല."

മുഖത്ത് കണ്ണുള്ളവർക്ക് കാണുന്നതെല്ലാം കാഴ്ചയാകും; എന്നാൽ ഹൃദയത്തിൽ കണ്ണുള്ളവർക്കേ അനുകമ്പയോടെ എല്ലാറ്റിനേയും സമീപിക്കാൻ കഴിയൂ. ഒരു സോഷ്യോളജിസ്റ്റിനെയോ ഒരു ഫോട്ടോ ജേർണലിസ്റ്റിനെയോകാൾ ഹൃദയത്തിൽ നയനങ്ങളുള്ള ക്രിസ്തുവിനെയാണ് ഇവിടെ കാണുക. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ പറയുക - "ദൈവത്തിന്റെ കരുണ മാംസമായതാണ് ക്രിസ്തുവെന്ന്." കണ്ണീരിനു മുൻപിൽ കരളലിയുന്നവനാണ് ക്രിസ്തുവെന്ന് സുവിശേഷത്തിലുടനീളം കാണാം. ദൈവത്തിന്റെ ഹൃദയം ഉരുകിയൊലിച്ച് പുറത്തേക്കൊഴുകുന്നതാണ് കരുണയെന്നും, കരുണയെന്നാൽ അകത്തുള്ള ഹൃദയമല്ല; ഹൃദയം ഉരുകി പുറത്തേക്ക് ഒഴുകുന്നതാണ് കരുണയെന്നും ക്രിസ്തു പഠിപ്പിക്കുകയാണ്.

ശിഷ്യൻ ആചാര്യനോട് ചോദിച്ചു: എന്താണ് അനുകമ്പ? ആചാര്യൻ ശിഷ്യനെയുംകൂട്ടി ജനാലയ്ക്ക് സമീപം പോയി പുറത്തോട്ട് നോക്കാൻ ആവശ്യപ്പെട്ടു. ആ തെരുവിലെ ഒരു മൂലയിൽ ഒരു യാചകൻ ഇരിപ്പുണ്ടായിരുന്നു. അതുവഴി വന്ന ഒരു വൃദ്ധ അയാൾക്ക് ഒരു സ്വർണ നാണയം കൊടുത്തുകടന്നുപോയി. അതിനുശേഷം ഒരു വ്യാപാരി അതുവഴി വന്നു. അഞ്ച് സ്വർണനാണയങ്ങൾ നൽകി. ഏറ്റവുമൊടുവിൽ വന്നത് ഒരു കുട്ടിയാണ്. അവൻ ആ യാചകന് പുഷ്പം നൽകി. ആചാര്യൻ ശിഷ്യനോട് ചോദിച്ചു - ഇതിൽ ആരാണ് ആ യാചകനോട് അനുകമ്പ കാട്ടിയ്? ശിഷ്യൻ പറഞ്ഞു: വ്യാപാരി! ഒരു ചെറുപുഞ്ചിരിയോടെ ശിഷ്യനെ നോക്കി ഗുരു പറഞ്ഞുതുടങ്ങി: വൃദ്ധ അയാളുടെ ദാരിദ്ര്യം കണ്ടിട്ടാണ് ഒരു നാണയം നൽകിയത്. വ്യാപാരിയാകട്ടെ അയാളെ ശ്രദ്ധിക്കാതെ അഹംഭാവത്തോടെ ആ നാണയങ്ങൾ എറിഞ്ഞുകൊടുക്കുകയാണ് ചെയ്തത്. അവസാനം കണ്ട കുട്ടി, അമ്മയുടെ വിരൽപിടിച്ചുനടക്കുകയായിരുന്ന അവൻ ആ യാചകനെ കണ്ട് പുഞ്ചിരിച്ചു; എന്നിട്ട് സ്നേഹത്തോടെ പൂവ് അയാൾക്കുനേരെ നീട്ടുകയായിരുന്നു. അതാണ് അനുകമ്പ. സ്നേഹം കൊണ്ട് ഒരാളുടെ വേദനയെ തൊടുമ്പോഴാണ് അത് അനുകമ്പയാകുന്നത്.

ഇടയനും ആടുകളും തമ്മിലുള്ള അടുപ്പം അഞ്ച് പ്രവർത്തികളിലൂടെ പ്രകടമാണ്. അവൻ കണ്ടു; അവൻ വിളിച്ചു; അവൻ സംസാരിച്ചു; അവൻ സ്പർശിച്ചു; അവൻ സുഖപ്പെടുത്തി. കണ്ടതിനെ വിളിക്കുകയും വിളിച്ചതിനോട് സംസാരിക്കുകയും സംസാരിച്ചവരെ തൊടുകയും തൊട്ടവയെ സുഖപ്പെടുത്തിയവനുമാണ് ക്രിസ്തു. കണ്ടിട്ടും കാണാതെ പോകുന്നതും, അറിഞ്ഞിട്ടും വിളിക്കാതെ പോകുന്നതും; പറയാനൊരുപാടുണ്ടായിട്ടും ഒരുവാക്കുപോലും ഉരിയാടാത്തതും; അടുക്കാമായിരുന്നിട്ടും അകന്നുപോയതും, സുഖപ്പെടുത്താമായിരുന്നിട്ടും മുറിപ്പെടുത്തി പോയതും കരുണവറ്റിയ ഹൃദയത്തിന് തുല്യമാണ്.

ക്രിസ്തുവാകുന്ന പുണ്യനദിയിൽ സ്നാനം ചെയ്ത് അപരർക്ക് തീർത്ഥമായി മാറാൻ കാരുണ്യനാഥാ കനിയണമേയെന്ന് അപേക്ഷിക്കാം.

ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 25)

നീർച്ചാലുകൾ

# നിന്റെ റോൾ നീ അഭിനയിക്കുക

ഫാ. വിക്ടർ എവരിസ്റ്റസ്

2 രാജ. 4:42-44 | എഫെ. 4: 1-6 | യോഹ. 6: 1-15

യോഹന്നാന്റെ സുവിശേഷം അടയാളങ്ങളുടെ പുസ്തകത്തിലെ (1:19-12, 50) ഒരു അടയാളമാണ് ഇന്നത്തെ വചനഭാഗം (6:1-15).

യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ കണ്ട് ആകൃഷ്ടരായ ജനം തിബേരിയ തടാകവും കടന്ന് യേശുവിനെ അനുഗമിക്കുന്നു. അവർക്ക് യേശു അപ്പം വർധിപ്പിച്ച് പങ്കുവയ്ക്കുന്നതാണ് പശ്ചാത്തലം. അഞ്ച് ബാർളി അപ്പം അയ്യായിരം പേർക്കായി വർധിപ്പിച്ച് നൽകുന്ന അത്ഭുതമാണ് പ്രമേയം. ജീവന്റെ അപ്പത്തെക്കുറിച്ച് പഠിപ്പിക്കുവാനുള്ള (6:25-59) പശ്ചാത്തലമായാണ് ഈ അത്ഭുതം പ്രവർത്തിക്കുന്നത്.

ഈ ലോകം വലിയൊരു നാടക വേദിയാണെന്നും എല്ലാവരും അതിലെ നടീനടന്മാരാണെന്നും ഓരോരുത്തരും അവനവന്റെ ഭാഗം വേണ്ടതുപോലെ അഭിനയിക്കുമ്പോൾ നാടകം പൂർണമാകും എന്നും ഒരു പറച്ചിലുണ്ട്. അത് സത്യം തന്നെയാണ്. ഓരോരുത്തരും അവനവന്റെ റോൾ ആടിത്തീർക്കണം. അത് ഓരോ വ്യക്തിയും ചെയ്തേ മതിയാവൂ. നാമിന്ന് വായിച്ച വചനഭാഗത്തിൽ ഇതുതന്നെയാണ് കാണുന്നത്. ഓരോരുത്തരും അവരവരുടെ പങ്ക് ചെയ്തു തീർക്കുമ്പോൾ വലിയൊരു അത്ഭുതം സംഭവിക്കുന്നു. 12 കുട്ട അപ്പം മിച്ചം വരുന്നു. സൂക്ഷ്മമായ വചനവായനയിൽ ഓരോ വ്യക്തിയും അവനവനെ ഏൽപ്പിച്ച കാര്യം സാധിക്കുന്നിടത്തോളം നന്നായി ചെയ്തപ്പോൾ സംഭവിച്ച കാര്യങ്ങൾ തെളിഞ്ഞുവരുന്നുണ്ട്.

ഫീലിപ്പോസ് തന്റെ അഭിപ്രായം പറയുന്നു; അന്ത്രയോസ് ബാർലി അപ്പവും മീനും കൈവശമുള്ള കുട്ടിയുടെ കാര്യം അറിയിക്കുന്നു. കുട്ടിയത് നൽകാൻ തയ്യാറാകുന്നു. ശിഷ്യന്മാർ ജനങ്ങളെ ഭക്ഷണത്തിന് ഇരുത്തുന്നു. ജനങ്ങൾ അതനുസരിച്ച് പച്ചപ്പുല്ലിൽ ഇരിക്കുന്നു. യേശു അപ്പമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്യുന്നു. ശിഷ്യർ അവ വിതരണം ചെയ്യുന്നു.

ഒടുവിൽ മിച്ചമുള്ളവ ശേഖരിക്കുന്നു. അതായത് ഇതിനിടയിൽ വലിയ അത്ഭുതം സംഭവിക്കുന്നു. അയ്യായിരത്തിലധികം ആളുകളെ തീറ്റിപ്പോറ്റുന്ന അത്ഭുതം - അപ്പം വർധിച്ച അത്ഭുതം.

മനുഷ്യൻ ചെയ്യാനുള്ളത് ചെയ്തു കഴിഞ്ഞാൽ ദൈവം ചെയ്യാനുള്ളത് ദൈവം ചെയ്യും എന്നുള്ള മഹനീയ സന്ദേശം നമുക്ക് ഇതിനോടൊപ്പം ലഭിക്കുന്നുണ്ട്. "താൻ പാതി ദൈവം പാതി" എന്ന പഴയ ചൊല്ലൊക്കെ കൃത്യമാണ് എന്ന് തെളിയുകയാണ് ഇവിടെ. തങ്ങളുടെ കൈയിലുള്ള അപ്പം കൊടുത്തപ്പോഴാണ് അവനത് വർധിപ്പിച്ച് നൽകിയത്. യഥാർത്ഥത്തിൽ "എന്തുചെയ്യണമെന്ന് യേശു നേരത്തെ മനസിൽ കരുതിയിരുന്നു" (യോഹ: 6:6). എങ്കിലും അവൻ തന്റെ ഒപ്പമുള്ളവരുടെ കൂടെ സഹകരണവും ഭാഗഭാഗിത്വവും ഉറപ്പുവരുത്തുകയാണ്. അവരത് ചെയ്തുകഴിയുമ്പോൾ യേശു ചെയ്യേണ്ടതുചെയ്യുന്നു.

കുടുംബബന്ധങ്ങളിലൊക്കെ ഇപ്പറഞ്ഞ കാര്യം വളരെ ഫലവത്തായി നടപ്പാക്കേണ്ടതാണ്. കുടുംബം സ്വർഗമാകുന്നതിന് കുടുംബത്തിൽ അത്ഭുതങ്ങൾ സംഭവിക്കുന്നതിനും ഇപ്പറഞ്ഞകാര്യം ചെയ്തേ മതിയാവൂ. അതായത് കുടുംബത്തിലെ ഓരോ അംഗവും താൻ ചെയ്യേണ്ട കാര്യം അതിന്റെ പൂർണതയിൽ ചെയ്യുക. അപ്പൻ അപ്പന്റെ കാര്യം, അമ്മ അമ്മ ചെയ്യേണ്ട കാര്യം, മക്കൾ അവരെ ഏൽപ്പിച്ചിരിക്കുന്ന കാര്യം - ഇത്രയും ചെയ്താൽ പിന്നെ ദൈവവും കൂടി ഇടപെടും. അത്ഭുതങ്ങൾ സംഭവിക്കും. കുടുംബ ജീവിതം സമാധാനപൂർണമാവുകയും ചെയ്യും. ഇടവകയിലും സന്യാസ സമൂഹങ്ങളിലും ജോലിസ്ഥലങ്ങളിലുമൊക്കെ എല്ലാവരും ഇക്കാര്യം ഓർത്തിരുന്നുവെങ്കിൽ എത്ര നന്നായേനേ. എല്ലായിടങ്ങളിലും അത്ഭുതങ്ങൾ സംഭവിച്ചേനേ. സമാധാനവും സംതൃപ്തിയും മിച്ചം നിൽക്കും.

അതിനാൽ ഓരോരുത്തരും ചിന്തിക്കുക, മനസ്സിലാക്കുക, അംഗീകരിക്കുക, തന്റെ റോൾ എന്തെന്ന്. അതുകണ്ടുപിടിച്ച് അത് ചെയ്താൽ പിന്നെ ദൈവം ഇടപെട്ടുകൊള്ളും. കാര്യങ്ങളൊക്കെ ഭംഗിയാവുകയും ചെയ്യും. ഒപ്പം ശ്രദ്ധിക്കണം, അപരന്റെ റോൾ കയറി ചെയ്യാതിരിക്കാനും അത് കുളമാക്കാതിരിക്കുവാനും. അതിനാൽ നിന്റെ റോൾ തിരിച്ചറിയുക, അതുചെയ്യുക - അത്ഭുതങ്ങൾ നിന്നെ കാത്തിരിക്കുന്നു.



*പെട്രോൾ ഡീസൽ വില കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെഎൽസിഎ) തിരുവനന്തപുരം അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഏജീസ് ഓഫീസിന് മുന്നിൽ നടത്തിയ ഉന്തുവണ്ടി സമരം അൽമായ ശുശ്രൂഷാ ഡയറക്ടർ ഫാ. തിയോഡേഷ്യസ് ഡിക്രൂസ് ഉദ്ഘാടനം ചെയ്യുന്നു. അതിരൂപതാ പ്രസിഡന്റ് പാട്രിക് മൈക്കിൾ, ജനറൽ സെക്രട്ടറി ജോസ് മെസ്മിൻ, സംസ്ഥാന വൈസ് പ്രസിഡന്റ് ജോസഫ് ജോൺസൺ, ആന്റണി ആൽബർട്ട്, ഫെനിൽ ആന്റണി, മോസസ് ഫെർണാണ്ടസ് എന്നിവർ നേതൃത്വം നൽകി*




2021 ജൂലൈ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# വിശ്വാസത്താലുള്ള രക്ഷ



## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. യേശുവിനെ ക്ഷണിക്കൽ

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസം ഓരോ കുടുംബങ്ങളും ആഴപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരുകയും അനുദിനം നവീകൃതരായി വിശുദ്ധിയിൽ വളരാൻ ഈശോയെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം...

## 4. വചനഗീതി

## 5. ദൈവവചന പാരായണം

**എഫേ. 2:1–10**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 6. വചനവിചിന്തനം

വിശുദ്ധ പൗലോസ് വിശ്വാസ ജീവിതത്തെക്കുറിച്ച് ഒരു വിവരണം നമുക്ക് നൽകിയിട്ടുണ്ട്. വിശ്വാസദാനം സ്വീകരിക്കുന്നതിലൂടെ വിശ്വാസികൾ പുതിയ സൃഷ്ടികളായിത്തീരുന്നു. ഒരു പുതിയ അസ്ഥിത്വം അവർ സ്വീകരിക്കുന്നു, യേശുവിന്റെ തന്നെ അനുഭവത്തിന്റെ മുഖമുദ്രയായ "ആബാ പിതാവ്" എന്ന പദപ്രയോഗം ഇപ്പോൾ ക്രൈസ്തവ അനുഭവത്തിന്റെ കാതലായി പരിണമിക്കുന്നു. സ്വന്തം പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ദൈവതിരുമുമ്പാകെ തങ്ങളെത്തന്നെ നീതികരിക്കപ്പെട്ടവരായി കരുതിയവരുടെ മനോഭാവത്തെ പൗലോസ് അപ്പോസ്തോലൻ നിരാകരിക്കുന്നു. കല്പനകൾ അ

നുസരിക്കുകയും സത്പ്രവൃത്തികൾ ചെയ്യുമ്പോൾപോലും തങ്ങളിൽതന്നെ കേന്ദ്രീകൃതരാണ്; നന്മ ദൈവത്തിൽ നിന്നും വരുന്നുവെന്ന് മനസ്സിലാക്കുന്നതിൽ പരാജയമടയുന്നു. വിശുദ്ധ ആഗസ്തീനോസ് നമ്മോടു പറയുന്നു: “നിങ്ങളിലേക്കു തിരിയേണ്ടതിനായി പോലും, നിങ്ങളെ സൃഷ്ടിച്ചവനിൽ നിന്നും മുഖം തിരിക്കരുതേ” ദൈവത്തിൽ നിന്നും അകലുന്നതിലൂടെ എന്നെത്തന്നെ കണ്ടെത്താൻ കഴിയും എന്നു വിചാരിച്ചു തുടങ്ങുമ്പോൾ എന്റെ ജീവിതം ശിഥിലമാകുവാൻ തുടങ്ങുന്നു. വിശ്വാസത്താലുള്ള രക്ഷയുടെ അർത്ഥം ദൈവീകദാനത്തിന്റെ സമുന്നതത്വം തിരിച്ചറിയുക എന്നാണ്. വിശുദ്ധ പൗലോസ് പറയുന്നതുപോലെ: “വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്” (എഫേ. 2:8).

വിശ്വാസത്തിന്റെ നൂതനമായ കാഴ്ചപ്പാട് ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം രക്ഷ പ്രദാനം ചെയ്യുന്നു. വിശ്വാസത്തിൽ തങ്ങളുടെ ഹൃദയങ്ങൾ തുറന്നു കൊടുക്കപ്പെട്ട ആ സ്നേഹത്താൽ വിശ്വസിക്കുന്നവർ രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ഈ സ്നേഹത്തിന്റെ വാഗ്ദാനത്തോടുള്ള തുറവിയാൽ ജീവിതം വിശാലവും വിസ്തൃതവുമായി ഭവിച്ചു. “ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്” (ഗലാ. 2:20). ഒരു വിശ്വാസിയുടെ തന്നെക്കുറിച്ചുതന്നെയുള്ള ബോധ്യം മറ്റൊരാളിന്റെ സാന്നിദ്ധ്യം കൊണ്ടു വികാസം പ്രാപിക്കുന്നു; അപ്പോഴാകട്ടെ ജീവിതം ഒരു പുതുചൈതന്യം കൈവരിക്കുകയും ചെയ്യുന്നു. ഒരു ക്രൈസ്തവൻ, അരൂപി തന്നെയായ യേശുവിന്റെ സ്നേഹത്തിൽ പങ്കുചേരുന്നതുകൊണ്ട്, അവിടുത്തെ കണ്ണുകളിലൂടെ കാണുവാനും, ആ മനോഭാവത്തിലും പുത്രോചിതമായ അവിടുത്തെ സഹജഗുണങ്ങളിലും പങ്കുപറ്റുന്നതിനും കഴിയുന്നു. യേശുവിന്റെ സ്നേഹത്തിൽ, പ്രത്യേകമായ വിധത്തിൽ നാം അവിടത്തെ ദർശനം സ്വീകരിക്കുന്നു. സ്നേഹത്തിൽ അവിടുത്തോട് അനുരൂപപ്പെടാതെയും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഇല്ലാതെയും അവിടുത്തെ കർത്താവായി ഏറ്റുപറയുക അസാധ്യമാണ്. അപ്പോൾ വിശ്വാസം നമ്മിൽ ഉളവാക്കുന്ന ആ വ്യത്യാസം കാണാൻ നമുക്കിടയാകുന്നു.

ക്രിസ്തുവുമായുള്ള വ്യക്തിബന്ധം ജീവിത മേഖലകളെ ഐക്യപ്പെടുത്തുകയും ദൈവത്തോടു തുറവിയുള്ളവരാക്കുകയും ചെയ്യുന്നു. ക്രൈസ്തവന്റെ ജീവിത പാത യേശുവിന്റെ വഴികളാവണം... സ്നേഹിക്കാനും, കൊടുക്കാനും, സ്വീകരിക്കാനും, ക്ഷമിക്കാനും, വളർത്താനും കഴിയുന്ന വ്യക്തിസ്വാതന്ത്ര്യം വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുകയും കൃത്യമായ രീതിയിൽ രക്ഷകൈവരിക്കാൻ സഹായിക്കുകയും ചെയ്യും. ആന്തരീക മുറിവുകളെ പ്രാർത്ഥനയുടെ ദർശനവും അപരസ്നേഹത്തിന്റെ ഔഷധവും കൊണ്ട് വലയം ചെയ്യുന്നതിലൂടെ രക്ഷ സുനിശ്ചിതമാണ്. ക്രിസ്തുദാനമായി നൽകുന്ന രക്ഷയിൽ ഉന്നം വച്ച് ജീവിതം തുടരാം...

### 7. റിപ്പോർട്ട്
### 8. ഹാജർ
### 9. ചർച്ച

1) ദൈവത്തെ പറ്റിയുള്ള അറിവ് നമ്മുടെ വിശ്വാസ ജീവിതത്തെ ശക്തിപ്പെടുത്തുകയും, ഇതിനുതകുന്ന കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ കഴിയുമോ?
2) ക്രിസ്തു നൽകുന്ന രക്ഷയെ സ്വന്തമാക്കാൻ ഞാൻ എന്തു ത്യജിച്ചു? സഹനങ്ങളെ ദൈവത്തിന്റെ പാതയാക്കാൻ കഴിഞ്ഞോ?

### 10. പൊതു അറിയിപ്പ്
### 11. വിശ്വാസികളുടെ പ്രാർത്ഥന
### 12. സമാപനഗാനം
### 13. നന്ദി

*തയ്യാറാക്കിയത്:*
**ഫാ. സുരേഷ് പയസ്**
ബിസിസി എക്സി. സെക്രട്ടറി
തിരു. അതിരൂപത

# പീഡനം നേരിടുന്നിടത്തെല്ലാം സഭ തഴച്ചുവളരും

റോം: ക്രിസ്തുവിന്റെ സഭയ്ക്ക് എവിടെയെല്ലാം പീഡനം നേരിടേണ്ടി വരുന്നോ, അവിടെയെല്ലാം സഭ തഴച്ചുവളരും! അതിന്റെ ഏറ്റവും പുതിയ തെളിവുകളിൽ ഒന്നാണ് ആഫ്രിക്കൻ രാജ്യമായ ബുർക്കിനോ ഫാസോ ഇക്കഴിഞ്ഞ ദിവസം സാക്ഷ്യംവഹിച്ച ഡീക്കൻ പട്ട സ്വീകരണം. രാജ്യത്തെ വിവിധ സെമിനാരികളിൽനിന്നുള്ള 31 പേരാണ്, വിശുദ്ധ സ്നാപകയോഹന്നാന്റെ തിരുനാൾ ദിനത്തിൽ പൗരോഹിത്യത്തിന് തൊട്ടുമുമ്പുള്ള ഡീക്കൺ (ഡയക്കണേറ്റ്) പട്ടം സ്വീകരിച്ചത്.

തലസ്ഥാന നഗരിയായ ഔഗാഡൗഗോയിലെ സെന്റ് ജോൺ ദ ബാപ്റ്റിസ് സെമിനാരിയിൽ നടന്ന തിരുക്കർമങ്ങളിൽ ഗൗവ രൂപതാധ്യക്ഷൻ ബിഷപ്പ് ഒല്ലോ മോഡെസ്റ്റെ കംബൗ ആയിരുന്നു മുഖ്യകാർമികൻ.

ക്രൈസ്തവ വിരുദ്ധതമൂലമുള്ള അരക്ഷിതാവസ്ഥ വർദ്ധിക്കുമ്പോഴും പൗരോഹിത്യ ദൈവവിളിയിലുണ്ടാകുന്ന വർദ്ധന ക്രിസ്തുവിശ്വാസം വളരുന്നതിന്റെ അടയാളമായാണ് വിലയിരുത്തപ്പെടുന്നത്. അൽ ഖയ്ദ, ഐസിസ് എന്നിവയുമായി ബന്ധമുള്ള തീവ്രവാദ സംഘത്തിന്റെ ഭീഷണി വെസ്റ്റ് ആഫ്രിക്കൻ രാജ്യമായ ബുർക്കിനോ ഫാസോയിൽ അനുദിനം വർദ്ധിക്കുകയാണ്. അടുത്തിടെ, സായുധ ആക്രമണകാരികൾ ഒരു ഗ്രാമത്തിൽ നടത്തിയ ആക്രമണത്തിൽ കുട്ടികളടക്കം 130 ൽപ്പരം പേരാണ് കൊല്ലപ്പെട്ടത്.

ബുർക്കിന ഫാസോയുടെ ചരിത്രത്തിലെ ഏറ്റവും വലിയ കൂട്ടക്കൊലയാണിത്. അക്രമങ്ങൾമൂലം രണ്ട് വർഷത്തിനിടയിൽ ബുർക്കിനാ ഫാസോയിൽനിന്ന് 1.14 ദശലക്ഷത്തിൽപ്പരം പേർക്ക് പലായനം ചെയ്യേണ്ടിവന്നു. ബുർക്കിനോഫാസോയിൽ 60 ശതമാനമാണ് മുസ്ലീം ജനസംഖ്യ, ക്രൈസ്തവർ 23 ശതമാനവും. മൂന്ന് അതിരൂപതകൾ ഉൾപ്പെടെ 15 രൂപതകളാണ് ഇവിടെയുള്ളത്.

ജെ.സി


# ന്യൂനപക്ഷ സ്കോളർഷിപ്പ് വിധി



കേരളത്തിലെ ജനസംഖ്യയിൽ 45.27 ശതമാനം വരുന്ന ന്യൂനപക്ഷ സമുദായങ്ങളിൽ പ്രബലവിഭാഗമായ മുസ്ലീങ്ങൾക്ക് (26.56%) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റുവഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പിലൂടെ 80 ശതമാനം വിഹിതം ലഭിക്കുകയും 18.38% വരുന്ന ക്രൈസ്തവരും 0.33% സിഖ്, ബുദ്ധ, ജൈന, പാർസിമതക്കാരും ഉൾപ്പെടുന്ന ഇതരവിഭാഗങ്ങൾക്ക് 20 ശതമാനത്തിന്റെ അനുപാതം മാറ്റിവയ്ക്കുകയും ചെയ്യുന്നതിന്റെ നിയമസാധുതയാണ് പൊതുതാൽപ്പര്യ ഹർജിയിൽ ചോദ്യം ചെയ്തത്. രാജ്യത്തെ മുസ്ലീങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള ഒന്നാം യുപിഎ സർക്കാർ നിയോഗിച്ച ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് രജിന്ദർ സച്ചർ അധ്യക്ഷനായ ഏഴംഗ കമ്മിറ്റിയുടെ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിന് വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ തദ്ദേശഭരണ മന്ത്രിയായിരുന്ന പാലൊളി മുഹമ്മദ് കുട്ടി അധ്യക്ഷനായ 11 അംഗ കമ്മീഷൻ നിർദ്ദേശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2008 ആഗസ്റ്റിൽ ആരംഭിച്ച ന്യൂനപക്ഷ സെല്ലിന്റെ ആഭിമുഖ്യത്തിൽ മുസ്ലീം സമുദായ ക്ഷേമം മുൻനിറുത്തി രൂപീകരിച്ചതാണ് മുസ്ലീം പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള സ്കോളർഷിപ്പ് ആനുകൂല്യം. 2011 ൽ ന്യൂനപക്ഷ വകുപ്പ് ആരംഭിച്ചതോടെ ക്ഷേമപദ്ധതികൾ വികസിപ്പിച്ച്, അന്നത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ വി.എസ്. മന്ത്രിസഭയുടെ അവസാനകാലത്ത് 5000 സ്കോളർഷിപ്പിന്റെയും 2000 ഹോസ്റ്റൽ സ്റ്റൈപ്പെൻഡിന്റെയും അവകാശം മുസ്ലീം പെൺകുട്ടികൾക്ക് ഉറപ്പാക്കിക്കൊണ്ടുതന്നെയാണ് 20% വിഹിതം ലത്തീൻ, പരിവർത്തിത ക്രൈസ്തവ പെൺകുട്ടികൾക്കായി നീക്കിവച്ചത്. സിവിൽ സർവീസ്, പിഎസ്‌സി, യുപിഎസ്‌സി, ബാങ്കിംഗ് സർവീസ് എൻട്രൻസ് തുടങ്ങി മത്സരപരീക്ഷക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് മുസ്ലീം യുവജനതയ്ക്കായി ആരംഭിച്ച പരിശീലന കേന്ദ്രങ്ങളിൽ 10 മുതൽ 20 ശതമാനം വരെ മറ്റ് ന്യൂനപക്ഷമതവിഭാഗങ്ങൾക്കും മറ്റ് പിന്നാക്ക സമുദായങ്ങൾക്കുംകൂടി പ്രവേശനം ആനുവദിച്ചുകൊണ്ട് 2011 ജനുവരിയിൽ സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ഇത്തരം 17 പരിശീലന കേന്ദ്രങ്ങളിലും 28 ഉപകേന്ദ്രങ്ങളിലുമായി ഇതര ന്യൂനപക്ഷവിഭാഗങ്ങളിൽ നിന്ന് പരിശീലനം നേടുന്നവരുടെ എണ്ണം താരതമ്യേന കുറവാണ് എന്നത് യാഥാർത്ഥ്യം.

കേന്ദ്രന്യൂനപക്ഷ ക്ഷേമവകുപ്പിൽ നിന്ന് അനുവദിക്കുന്ന സ്കോളർഷിപ്പുകൾക്കെല്ലാം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഏത് ന്യൂനപക്ഷ വിഭാഗക്കാരനും അപേക്ഷിക്കാമെന്നിരിക്കെ, ന്യൂനപക്ഷനിയമത്തിന് വിരുദ്ധമായി ഇവിടെ 80:20 അനുപാതം തുടർന്നുവെന്നതാണ് നിയമക്കുരുക്കിന് ഇടയാക്കിയത്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുസ്ലീങ്ങളുടെ സ്കോളർഷിപ്പ് വിഹിതം കുറയുകയും ക്രൈസ്തവരുടെ മൊത്തം വിഹിതം കൂടുകയും ക്ഷേമപദ്ധതികളുടെ വിതരണത്തിൽ എല്ലാ ന്യൂനപക്ഷങ്ങൾക്കും ജനസംഖ്യാനുപാതകമായ വിഹിതമുണ്ടാകണമെന്ന കോടതി പരാമർശം സ്വാഗതാർഹമാണെങ്കിലും ക്രൈസ്തവ ന്യൂനപക്ഷങ്ങളിൽ തന്നെ പിന്നോക്കമായ ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും അവസര നഷ്ടമുണ്ടാക്കിയ സാഹചര്യം സാമൂഹ്യനീതിക്ക് എതിരാണ്. എന്നാൽ ഈ വിധി സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരും ന്യൂനപക്ഷവിഭാഗത്തിൽ പെടുന്നവരുമായ ലത്തീൻ കത്തോലിക്കരെയും ദളിത് ക്രൈസ്തവരെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ന്യൂനപക്ഷവും പിന്നാക്ക വിഭാഗവുമായി നിലകൊള്ളുന്ന ഈ വിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കാളിത്തം ഉണ്ടാകുന്നതിനും മുഖ്യധാരയിൽ വരുന്നതിനും നാമമാത്രമായി ലഭിക്കുന്ന ന്യൂനപക്ഷ സ്കോളർഷിപ്പുകളേക്കാൾ പ്രാധാന്യം പിന്നോക്കവിഭാഗം എന്ന നിലയിൽ തൊഴിലവസരങ്ങളും സ്കോളർഷിപ്പുകളും മറ്റ് ക്ഷേമപദ്ധതികളുമൊക്കെയാണ്. ഈ സാഹചര്യം മനസ്സിലാക്കി വേണം സർക്കാരുകൾ നിലപാടുകൾ സ്വീകരിക്കേണ്ടത്.

Pub. Date : 01.07.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto